## പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 121 — 16-02-2011- ൽ മറുപടിയ്ക്ക്

### വിള ഇൻഷ്വറൻസ് പദ്ധതി

**ചോദ്യം**

ശ്രീമതി. പി. അയിഷാ പോറ്റി :
ശ്രീ. സി.കെ.പി. പത്മനാഭൻ :
ശ്രീ. പി.ടി.എ. റഹീം :
ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി :

എ) സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം നൽകുമോ ; ഏതെല്ലാം വിളകൾക്കാണ് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുള്ളത് ;

**മറുപടി**

ശ്രീ. മുല്ലക്കര രത്നാകരൻ
(കൃഷി വകുപ്പ് മന്ത്രി)

എ) ഈ പദ്ധതി പ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുകയെന്നതാണ് കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശം. തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ (ചേന, മധുരകിഴങ്ങ്), കരിമ്പ്, പുകയില, നെല്ല് എന്നീ വിളകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾ കൊണ്ടും വന്യമൃഗങ്ങളുടെ ശല്യം കൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കുമാത്രമേ ഈ പദ്ധതിയുടെ സംരക്ഷണം ലഭിക്കുകയുള്ളൂ. പദ്ധതിയിൽ ചേരുന്ന കർഷകർ, സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ചിരിക്കേണ്ടതാണ്. പ്രീമിയം തുക അടച്ച ദിവസം മുതൽ ഏഴ് ദിവസങ്ങൾക്ക് ശേഷം മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുള്ളൂ.

വിളകൾക്കുണ്ടാകുന്ന പൂർണ്ണ നാശത്തിനുമാത്രമേ നഷ്ടപരിഹാരം ലഭിക്കുകയുള്ളൂ. ഇഞ്ചി, മഞ്ഞൾ, നിലക്കടല

എള്ള്, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ, മരച്ചീനി, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ, ഏലം, വെറ്റില എന്നീ വിളകൾക്ക് ഇൻഷ്വർ ചെയ്ത വിസ്തൃതിയുടെ കുറഞ്ഞത് 10 ശതമാനമെങ്കിലും നാശനഷ്ടമുണ്ടായാലേ നഷ്ടപരിഹാരം ലഭിക്കുകയുള്ളൂ. ഓരോ വിളയ്ക്കുമുള്ള പ്രായപരിധിയും പ്രീമിയം നിരക്കും നഷ്ടപരിഹാരതോതും അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി നഷ്ടപരിഹാരതുക നൽകുന്നതാണ്. ദീർഘകാല വിളകൾക്ക്, കായ്ച്ച് തുടങ്ങുന്നതുവരെയുള്ള കാലത്തേക്ക് പ്രത്യേക വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം (അനുബന്ധം-2) സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്.

സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകന് ഈ പദ്ധതിയിൽ അംഗമാകുനന്നതിന് അർഹതയുണ്ട്.

കൃഷി ഭവനുകൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയിൽ അംഗമാകാൻ ഉദ്ദേശിക്കുന്നവർ ഇതിനായി നിശ്ചയിച്ചിട്ടുള്ള അപേക്ഷയിൽ അതാത് കൃഷി ഭവനിൽ അപേക്ഷ നൽകേണ്ടതാണ്.

കൃഷി ഭവനിൽ നിന്നും തിട്ടപ്പെടുത്തി നിശ്ചയിച്ച പ്രീമിയം തുക സ്ഥലത്തെ ജില്ലാ സഹകരണ ബാങ്ക് ശാഖകളിൽ അടയ്ക്കണം. പ്രീമിയം അടച്ച രസീത് കൃഷി ഭവനിൽ ഏൽപ്പിക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ പോളിസി കർഷകന് നൽകും.

പ്രകൃതിക്ഷോഭങ്ങൾ മൂലം കൃഷി നഷ്ടം സംഭവിച്ചാൽ 15 ദിവസത്തിനുള്ളിൽ നിർദ്ദിഷ്ട ഫോറത്തിൽ കൃഷി ഭവനിൽ അപേക്ഷ നൽകണം. കൃഷി ഭവനിൽ അപേക്ഷ ലഭിച്ച് 5 ദിവസത്തിനുള്ളിൽ ഉദ്യോഗസ്ഥന്മാർ സ്ഥലം പരിശോധിച്ച് നാശനഷ്ടം തിട്ടപ്പെടുത്തും.

നഷ്ടപരിഹാരം ഓരോ കർഷകന്റെയും പേരിൽ ചെക്കായി കൃഷി ഭവൻ വഴി നൽകുന്നതാണ്.

| | | | |
|---|---|---|---|
| | കേന്ദ്രസർക്കാരിന്റെ നാഷണൽ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് പദ്ധതിയിൽ ഏതെല്ലാം വിളകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | ബി) | ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ ഖാരിഫ് വിളക്കാലത്ത് നെല്ല്, മരിച്ചീനി, വാഴ, മഞ്ഞൾ, കൈതച്ചക്ക എന്നീ വിളകൾ എല്ലാ ജില്ലകളിലും കൂടാതെ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ ഇഞ്ചിക്കൃഷിയും ഉൾപ്പെടുത്തിയിട്ടുണ്ട്. റാബി I വിളക്കാലത്തും റാബി II വിളക്കാലത്തും നെല്ല്, മരച്ചീനി, വാഴ എന്നീ വിളകളെ എല്ലാ ജില്ലകളിലും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) | കാലാവസ്ഥയെ അടിസ്ഥാനപ്പെടുത്തിയുള്ള ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകുമോ ; | സി) | ഉണ്ട്. സംസ്ഥാനത്ത് കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ഇതിന്റെ പ്രായോഗികതയും കാര്യക്ഷമതയും കൃഷിക്കാർക്കുണ്ടാകുന്ന പ്രയോജനവും വിലയിരുത്തുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ 2008-09 മുതൽ പദ്ധതി നടപ്പിലാക്കി വരുന്നു.<br>ഓരോ വിളകൾക്കും അതിന്റെ വളർച്ചയ്ക്കും പരമാവധി ഉൽപ്പാദനം ലഭ്യമാക്കുന്നതിനും അനുകൂലമായ കാലാവസ്ഥാ ഘടകങ്ങളുടെ പരിധി പരീക്ഷണ നിരീക്ഷണങ്ങളിലൂടെ കണ്ടെത്തിയിട്ടുണ്ട്. കാലാവസ്ഥാഘടകങ്ങളും ഈ അനുകൂല പരിധിയിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകളും ഉൽപ്പാദനത്തെ ബാധിക്കുന്നു എന്ന തത്വത്തിൽ അധിഷ്ഠിതമാണ് ഈ പദ്ധതി. ആയതിനാൽ ഓരോ വിളകളുടേയും പരമാവധി ഉൽപ്പാദനത്തിന് ഉതകുന്ന കാലാവസ്ഥ ഘടകത്തിന്റെ പരിധിയിൽ വരുന്ന വ്യതിയാനം അടിസ്ഥാനമാക്കി ഇൻഷ്വറൻസ് പരിരക്ഷ തിട്ടപ്പെടുത്താവുന്നതാണ്. ഉൽപ്പാദനത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന കാലാവസ്ഥാ ഘടകത്തിന്റെ ഏറ്റക്കുറച്ചിലുകളാണ് മാനദണ്ഡമാക്കുന്നത്.<br>ഇൻഷ്വർ ചെയ്യുന്ന തുകയുടെ രണ്ട് ശതമാനം വരെ വരുന്ന പ്രീമിയത്തിന്മേൽ സർക്കാർ സബ്സിഡി ലഭ്യമല്ല. രണ്ട് ശതമാനത്തിലധികം പ്രീമിയം വരുന്ന അവസരത്തിൽ രണ്ട് ശതമാനത്തിലധികമുള്ള തുകയ്ക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്യമായി സബ്സിഡി നൽകുന്നു. |

5 ശതമാനം മുതൽ 8 ശതമാനം വരെ പ്രീമിയം തുക വരുന്ന അവസരത്തിൽ 3.275 ശതമാനം കർഷകൻ ഒടുക്കുന്ന രീതിയിൽ 40 ശതമാനം സബ്സിഡി നൽകുന്നു.

8 ശതമാനത്തിലധികം പ്രീമിയം ഒടുക്കേണ്ട അവസരത്തിൽ മിനിമം 4.8 ശതമാനവും ഏറ്റവും കൂടിയത് 6 ശതമാനവും കർഷകന്റെ വിഹിതം വരുന്ന രീതിയിൽ 50 ശതമാനം തുകവരെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി വഹിയ്ക്കുന്നു.

അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ മുഖേനയാണ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്.

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം വിളകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ഡി) | 2008-09 റാബി വിളക്കാലത്ത് പാലക്കാട് ജില്ലയിൽ നെല്ല്, മാവ് എന്നീ വിളകളേയും കാസർഗോഡ് ജില്ലയിൽ കശുമാവിനെയും 2009-10 ഖാരിഫ് വിളക്കാലത്ത് പാലക്കാട് ജില്ലയിൽ നെല്ലിനും ഇടുക്കി ജില്ലയിൽ കുരുമുളകിനും 2009-10 റാബി വിളക്കാലത്ത് പാലക്കാട് ജില്ലയിൽ നെല്ലിനും കാസർഗോഡ് ജില്ലയിൽ കശുമാവിനും 2010-11 ഖാരിഫ് വിളകാലത്ത് പാലക്കാട് ജില്ലയിൽ നെല്ലിനും, ഇടുക്കി, വയനാട് ജില്ലകളിൽ കുരുമുളകിനും 2010-11 റാബി വിളകാലത്ത് പാലക്കാട് ജില്ലയിൽ നെല്ലിനും പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കശുമാവിനും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| ഇ) | ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | സംസ്ഥാന കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയിന്മേൽ ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘുകരിക്കുന്നതിന്റെ ഭാഗമായി വിളകൾക്ക് നാശനഷ്ടം ഉണ്ടായി 3 ദിവസത്തിനകം ആനുകൂല്യം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കണമെന്ന നിബന്ധന 15 ദിവസമാക്കി ദീർഘിപ്പിച്ചിട്ടുണ്ട്.<br>ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ കേന്ദ്ര സർക്കാരുമായി ചേർന്ന് അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനി |

ഓഫ് ഇന്ത്യ മുഖേന നടപ്പിലാക്കുന്നതിനാൽ ഏകപക്ഷീയമായി സംസ്ഥാന സർക്കാരിന് മാത്രമായി നടപടിക്രമങ്ങളിൽ മാറ്റം വരുത്താനാവില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 122 | 16.02.2011 ൽ മറുപടിക്ക്

## കയർ മേഖലയുടെ ആധുനികവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.കെ. പുരുഷോത്തമൻ<br>ശ്രീ. സി. എം. ദിനേശ് മണി<br>ശ്രീ. ബി. രാഘവൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർ മേഖലയുടെ ആധുനികവൽക്കരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) കയർ മേഖലയുടെ ആധുനികവൽക്കരണത്തിനായി സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ ചുവടെ കൊടുക്കുന്നു.<br><br>• ചകിരി ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി പുതിയ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി സഹകരണ സംഘങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നീ സ്ഥാനങ്ങൾക്ക് മുടക്കു മുതലിന്റെ 75% പരമാവധി 25 ലക്ഷം രൂപയും ഇവയുടെ പുനരുദ്ധാരണം/നവീകരണം എന്നിവയ്ക്കായി ആകെ എസ്റ്റിമേറ്റിന്റെ 75% പരമാവധി 15 ലക്ഷം രൂപയും അനുവദിച്ചുവരുന്നു.<br>• സ്വകാര്യ മേഖലയിൽ ഇത്തരം ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നവർക്ക് ആകെ ഇൻവെസ്റ്റ്മെന്റിന്റെ 50% പരമാവധി 10 ലക്ഷം രൂപയും നവീകരണം / പുനരുദ്ധാരണം / വിപുലീകരണം എന്നിവയ്ക്കായി ആകെ ഇൻവെസ്റ്റ്മെന്റിന്റെ 75% പരമാവധി 10 ലക്ഷം രൂപയും അനുവദിച്ചുവരുന്നു. |

| | |
|---|---|
| | • പ്രതിദിനം 3000-4000 തൊണ്ട് തല്ലുന്ന ചെറിയതരം ഡീഫൈബറിംഗ് മെഷീനുകൾ കയർ സഹകരണ സംഘങ്ങൾക്ക് സൗജന്യമായും സ്വകാര്യ സംരംഭകർക്ക് സബ്സിഡി നിരക്കിലും അനുവദിച്ചുവരുന്നു.<br>• ഉല്പാദനക്ഷമതയുള്ള മോട്ടോറൈസ്ഡ് റാട്ടുകളും സ്പിന്നിംഗ് മെഷീനുകളും നൽകിവരുന്നു. കൂടാതെ വീവിംഗ് യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഫോംമാറ്റിംഗ് (ഇൻഡ്യ) ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ സെമി ആട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കാൻ സർക്കാർ ധന സഹായം അനുവദിച്ചിട്ടുണ്ട്.<br>• ഫോം മാറ്റിംഗ്സിന്റെ ചുമതലയിൽ കയറ്റുപായ് ഉപയോഗിച്ച് കോമ്പോസിറ്റ് ബോർഡ് നിർമ്മിക്കുന്നതിനുള്ള ഫാക്ടറി ഈ മാസം പ്രവർത്തനം ആരംഭിക്കും<br>• കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ബ്ലന്റഡ് യാൺ ഫാക്ടറിയും ആട്ടോമാറ്റിക് സ്പിന്നിംഗ് ഡിവിഷനും പ്രവർത്തനം ആരംഭിക്കുന്നു.<br>• കയർ ഫെഡ്, കയർ കോർപ്പറേഷൻ, ചില മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾ എന്നിവ പി.വി.സി ടഫ്റ്റഡ് പ്ലാന്റുകൾ സ്ഥാപിക്കുന്നു. |
| (ബി) കയറുൽപ്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) ഉണ്ട്. കേരളാ കയറിന്റെ ബ്രാന്റ് ബിൽഡിംഗിന്റെ ഭാഗമായി കയർ ഉല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ ക്വാളിറ്റി സർട്ടിഫിക്കറ്റിംഗ് ഏജൻസിയായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ തരത്തിലുള്ള കയറുല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് കയർ ഫെഡിലെയും, കയർ പൊതുമേഖലാ |

<table>
<tr><td></td><td>സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് പരിശീലനം നൽകുന്നതിലേക്കായി NCRMI നടപടി സ്വീകരിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി) കയർ മേഖലയിൽ യന്ത്രവൽക്കരണം നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;</td><td>(സി) കയർ സഹകരണ സംഘങ്ങളിൽ 7000-ത്തോളം ഗുണമേന്മയുള്ള മോട്ടോറൈസ്ഡ് റാട്ടുകൾ കയർ തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ്, കയർഫെഡ്, എന്നിവ മുഖാന്തിരം നൽകി.<br><br>• തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങൾക്ക് ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളും, വീവിംഗ് യൂണിറ്റുകളും അനുവദിച്ചു വരുന്നു.<br>a. ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ<br><br>അധിക കേന്ദ്ര സഹായ പദ്ധതി പ്രകാരം 3 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനും ഒരു വില്ലോയിംഗ് മെഷീനും ഉൾപ്പെടെ 25 ആട്ടോമാറ്റിക് സ്പിന്നിംഗ് യൂണിറ്റുകളാണ് സംഘങ്ങൾക്ക് നൽകാൻ തീരുമാനിച്ചത്. (ആകെ 75 സ്പിന്നിംഗ് മെഷീനുകൾ, 25 വില്ലോയിംഗ് മെഷീനുകൾ). ഇതിൽ ആദ്യഘട്ടത്തിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള 15 സംഘങ്ങളുടെ ലിസ്റ്റാണ് ലഭിച്ചത്. എന്നാൽ ഗുണഭോക്തൃ വിഹിതം അടയ്ക്കുന്നതിനെ സംബന്ധിച്ച് സംഘങ്ങൾ വ്യക്തമാക്കാത്തതിനാൽ എൻ സി ആർ എം ഐ യ്ക്ക് മെഷീൻ ഇതുവരെ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. മറ്റ് സ്ഥാപനങ്ങൾ വിതരണം ചെയ്തവയെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br><table><tr><th>Automatic spinning machine</th><th>Willowing machine</th></tr><tr><td>1.ACCDS –192 Nos</td><td>-</td></tr><tr><td>2. SFRUTI പദ്ധതി പ്രകാരം - 91 Nos</td><td>20 nos</td></tr><tr><td>3. Coirfed - 18 Nos</td><td>-</td></tr></table></td></tr>
</table>

| | |
|---|---|
| | b. *വീവിംഗ് യൂണിറ്റ്*<br>ഒരു യൂണിറ്റിൽ 2 സെമി ഓട്ടോമാറ്റിക് ലൂം എന്ന കണക്കിൽ അധിക കേന്ദ്ര സഹായ പദ്ധതി പ്രകാരം 6 സംഘങ്ങൾക്കായി ആകെ 12 ലൂമുകൾ നല്കുകയും അവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്. ഇതോടൊപ്പം ഓരോ ബോബിൻ വൈൻഡിംഗ് മെഷീനും സ്പൂളിംഗ് മെഷീനും നൽകിയിട്ടുണ്ട്.<br><br>*SFRUTI* - 4 Nos<br><br>SFRUTI പദ്ധതി പ്രകാരം മേൽ വിവരിച്ചതിനു പുറമെ 8 മാറ്റ് ഫ്രെയിമുകളും 6 ഡൈവാറ്റും, 2 സാധാതറികളും ബേപ്പൂർ ക്ലസ്റ്ററിൽ അനുവദിച്ചിട്ടുണ്ട്.<br>• ചകിരിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി, അവയുടെ പുനരുദ്ധാരണ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ NCRMI വികസിപ്പിച്ചെടുത്ത മിനി ഡീഫൈബറിംഗ് മെഷീനുകൾ സൗജന്യമായി കയർ സഹകരണ സംഘങ്ങൾക്ക് അനുവദിച്ചുവരുന്നു.<br>സ്പിന്നിംഗ് മേഖലയുടെ ആധുനികവൽക്കരണത്തിന് ആക്കം കൂട്ടുന്നതിനായി എൻ.സി.ആർ.എം.ഐ. പുതിയ സ്പിന്നിംഗ് മെഷീൻ വികസിപ്പിച്ചുവരികയാണ്. അതു ഉടനെ ലോഞ്ച് ചെയ്യും. |
| (ഡി) കയർ യന്ത്ര നിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ; | (ഡി) ഈ സാമ്പത്തിക വർഷം തന്നെ പൂർണ്ണമായി കമ്മീഷൻ ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആദ്യ ഘട്ടം ഉടനെ പ്രവർത്തനം ആരംഭിക്കും. |
| (ഇ) ഡീ ഫൈബറിംഗ് മില്ലുകളുടെ പുനരുജ്ജീവനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ; | (ഇ) സഹകരണ മേഖല, കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖാന്തിരം ആരംഭിച്ചിട്ടുള്ള മില്ലുകളുടെ പുനരുദ്ധാരണത്തിനായി പ്രോജക്ട് കോസ്റ്റിന്റെ 75% പരമാവധി |

15 ലക്ഷം രൂപയും സ്വകാര്യ സംരംഭകരുടെ മില്ലുകൾക്ക് പ്രോജക്റ്റ് കോസ്റ്റിന്റെ 75% പരമാവധി 10 ലക്ഷം രൂപയും അനുവദിച്ചുവരുന്നു. കുറച്ച് തൊണ്ട് തല്ലാവുന്ന ചെറിയ ഡീഫൈബറിംഗ് മില്ലുകളാണ് കേരളത്തിലെ സാഹചര്യങ്ങൾക്ക് അനുയോജ്യം എന്ന് തിരിച്ചറിഞ്ഞ് NCRMI അത്തരം 192 മില്ല് വികസിപ്പിച്ചിട്ടുണ്ട്. 1000 എണ്ണം വരെ വിതരണം ചെയ്യാൻ പദ്ധതി തയ്യാറാക്കി. ഇതുവരെ 142 മിനി ഡീഫൈബറിംഗ് മെഷീനുകൾ നൽകിക്കഴിഞ്ഞു. 50 എണ്ണം വിതരണത്തിന് തയ്യാറായിട്ടുണ്ട്.

(എഫ്) കയറുൽപ്പന്നങ്ങളുടെ വിപണനത്തിൽ എത്രമാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എഫ്) കയറുല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിച്ചുവരികയാണ്. ചില താരതമ്യം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | 2000-01 | 2005-06 | 2010-11 |
|---|---|---|---|
| COIRFED | 3091.68 Lakhs | 1103.89 Lakhs | 2509.27 Lakhs (up to 31/12/10) |
| KSCC | 397.85 Lakhs | 342.26 Lakhs | 6444.54 Lakhs (up to 31/01/11) |
| FOMIL | 351.97 Lakhs | 210.51 Lakhs | 338.69 Lakhs (up to 31/01/11) |

**Coirfed**

| | 2000-01 (രൂപ ലക്ഷത്തിൽ) | 2005-06 (രൂപ ലക്ഷത്തിൽ) | 2010-11 (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| കയർ മാറ്റുകൾ, പി.വി.സി. മാറ്റുകൾ, കയറ്റുപായ്, കാർപെറ്റ്, ജിയോടെക്സ്റ്റയിൽ | 792.84 | 733.61 | 550.07 |
| മറ്റുള്ളവ | 2298.84 | 370.28 | 1959.20 |

## Fomil

| | 2000-01 (രൂപ ലക്ഷത്തിൽ) | 2005-06 (രൂപ ലക്ഷത്തിൽ) | 2010-11 (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| കയർ മാറ്റുകൾ, | 119.51 | 52.49 | 42.77 |
| പി.വി.സി. മാറ്റുകൾ, | - | - | - |
| കയറ്റുപായ്, | 208.59 | 87.33 | 218.77 |
| കാർപെറ്റ്, | 0.88 | 1.32 | 10.52 |
| ജിയോടെക്സ്റ്റയിൽ | - | 26.53 | 35.70 |
| മറ്റുള്ളവ | 22.99 | 42.84 | 30.95 |

## Coir Corporation

| 2000-01 (രൂപ ലക്ഷത്തിൽ) | 2005-06 (രൂപ ലക്ഷത്തിൽ) | 2010-11 (രൂപ ലക്ഷത്തിൽ) |
|---|---|---|
| 397.85 | 342.26 | 6444.54 |

ആഭ്യന്തര വിപണിയിലെ വില്പനയെ സംബന്ധിച്ച് ആധികാരികമായ വിവരങ്ങൾ ലഭ്യമാക്കാനുള്ള സംവിധാനം ഇല്ലാത്ത പരിമിധി നിലവിലുണ്ട്. ഈ വർഷം മുതൽ ഇത്തരം വിവരങ്ങൾ ക്രോഡീകരിക്കാൻ കയർ വികസന ഡയറക്ടറേറ്റിൽ സ്ഥിരമായ സംവിധാനം ഉണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 123 16-02-2011 ൽ മറുപടിക്ക്

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ

ചോദ്യം

ശ്രീ. കെ.സി.കുഞ്ഞിരാമൻ
ശ്രീ. എ.സി.മൊയ്തീൻ
ശ്രീ. ടി.പി.കുഞ്ഞുണ്ണി
ശ്രീ. എ. പ്രദീപ് കുമാർ

ഉത്തരം

ശ്രീ. എ.കെ. ബാലൻ
(പിന്നോക്ക പട്ടികസമുദായക്ഷേമവും വിദ്യുച്ഛക്തിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാ നുകൂല്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (എ) | ബാബുവിജയനാഥ് കമ്മീഷൻ ശുപാർശ പ്രകാരം വിദ്യാഭ്യാസാനുകൂല്യങ്ങൾ മൂന്നു വർഷത്തിലൊരിക്കൽ പരിഷ്കരിക്കേണ്ടതുണ്ട്. എന്നാൽ മുൻ സർക്കാരിന്റെ കാലത്ത് ഒരു ആനുകൂല്യവും വർദ്ധിപ്പിച്ചു നൽകിയിട്ടില്ലായിരുന്നു. ഈ സർക്കാർ എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും കാലോചിതമായി പരിഷ്കരിക്കുകയുണ്ടായി. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സ്വാശ്രയ കോഴ്സുകളിൽ പഠിക്കുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് ? | (ബി) | സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ റാങ്ക് ലിസ്റ്റിൽ നിന്നും മെരിറ്റ് സീറ്റിലും സംവരണ സീറ്റിലും പ്രവേശനം നേടി പഠനം നടത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ഫീസ് നിർണ്ണയ സമിതി നിശ്ചയിക്കുന്ന ഫീസും മറ്റാനുകൂല്യങ്ങളും അനുവദിച്ചുവരുന്നുണ്ട്. DME, DHS, Nursing Council തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് അലോട്ട്മെന്റ് വഴി മെരിറ്റിലും റിസർവേഷനിലും പ്രവേശനം നേടുന്ന പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് സർക്കാർ/സർക്കാർ ഏജൻസി/ |

| | | | |
|---|---|---|---|
| | | | യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകിവരുന്നു.<br><br>കേന്ദ്ര-സംസ്ഥാന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കേന്ദ്ര-സംസ്ഥാന സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളായ എൽ.ബി.എസ് സെന്റർ, ഐ.എച്ച്.ആർ.ഡി, സി-ഡിറ്റ്, സി-ഡാക്ക്, ഇ.ആർ& ഡി.സി തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകളിലും സർക്കാർ നിയന്ത്രിത സഹകരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ (എയ്ഡഡ്) എന്നിവയിലെ സ്വാശ്രയ കോഴ്സുകളിലും പഠനം നടത്തുവർക്കും ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നു. |
| (സി) | സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകളിൽ പ്രവേശനം നേടുന്നവർക്ക് ആനുകൂല്യം നൽകുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) | സർക്കാർ നടത്തുന്ന പ്രവേശന പരീക്ഷയിലൂടെ സ്വകാര്യ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകുന്നുണ്ട്. |
| (ഡി) | അന്യസംസ്ഥാനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് ; | (ഡി) | അന്യ സംസ്ഥാനങ്ങളിലെ വിവിധ സ്ഥാപനങ്ങളിൽ കേന്ദ്ര സർക്കാർ/കേന്ദ്ര യൂണിവേഴ്സിറ്റികൾ/ബോർഡുകൾ എന്നിവ നടത്തുന്ന അഖിലേന്ത്യാ പ്രവേശന പരീക്ഷ വഴിയോ CAT, MAT, JEE, JMET, XAT, ATMA എന്നീ പ്രവേശന പരീക്ഷ വിഴിയോ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് കേരള സംസ്ഥാനത്തിനകത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നതുപോലെ അംഗീകൃത ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ് എന്നിവയും ഹോസ്റ്റലിൽ താമസിക്കുന്നതിനുള്ള ഹോസ്റ്റൽ ഫീസും പോക്കറ്റ് മണിയും ലംപ്സംഗ്രാന്റും അനുവദിച്ചു നൽകുന്നതാണ്. കേരളത്തിൽ നിലവിലില്ലാത്ത കോഴ്സുകൾക്ക് അന്യസംസ്ഥാനത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| | വിദ്യാർത്ഥികൾക്കുള്ള സാമ്പത്തികാനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഇ) | വിദ്യാർത്ഥികൾക്കുള്ള സാമ്പത്തികാനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പുതുതായി ആവിഷ്കരിച്ച 'ഇ-ഗ്രാന്റ്സ്' എന്ന വെബ് അധിഷ്ഠിത വിദ്യാഭ്യാസാനുകൂല്യ വിതരണ പദ്ധതിയിലൂടെ പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ എ.ടി.എം മുഖേന ലഭ്യമാക്കുന്നു. സ്ഥാപനത്തിന് ലഭിക്കേണ്ട തുക സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്യുന്നു. പ്രവേശനം നേടി 5 ദിവസത്തിനകം ആനുകൂല്യത്തിനുള്ള അപേക്ഷയും ബാങ്ക് അക്കൗണ്ട് അപേക്ഷയും ഒരുമിച്ച് നൽകുന്നതിനാൽ വിദ്യാർത്ഥികൾക്ക് അക്കൗണ്ട് തുടങ്ങി ആനുകൂല്യങ്ങൾ വേഗത്തിൽ ലഭിക്കുകയും ചെയ്യുന്നു.<br><br>പ്രീമെട്രിക് തലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ് വിദ്യാഭ്യാസ വർഷാരംഭത്തിൽത്തന്നെ വിതരണം ചെയ്യുന്നു. പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ സ്റ്റൈപന്റ് ആദ്യത്തെ 5 മാസത്തേത് ജൂൺ 20 നകവും രണ്ടാമത്തെ ഗഡു ഡിസംബർ 31 നകവും മുൻകൂറായി നൽകുന്നു. |

[signature]
സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

<u>പന്ത്രണ്ടാം കേരള നിയമസഭ</u>

<u>പതിനേഴാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 124</u> <u>16.02.2011 ൽ മറുപടിയ്ക്ക്</u>

<u>വൻകിട വൈദ്യുതി പദ്ധതികൾക്ക് നടപടി</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം.ആരിഫ്<br>ശ്രീ കെ.കുഞ്ഞിരാമൻ<br>ശ്രീ.കെ.കെ. ദിവാകരൻ<br>ശ്രീ.പി.ജയരാജൻ | ശ്രീ. എ.കെ. ബാലൻ<br>(പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി) |
| എ. സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത മുന്നിൽ കണ്ട് വൻകിട വൈദ്യുത പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | എ. സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത മുന്നിൽ കണ്ട് ചെറുകിട -വൻകിട ജലവൈദ്യുതി പദ്ധതികൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 204 മെഗാവാട്ട് വൈദ്യുതി പദ്ധതികൾ കമ്മീഷൻ ചെയ്തു. പൂഴിത്തോട് ചെറുകിട ജലവൈദ്യുതി പദ്ധതി (4.8 മെഗാവാട്ട്) ഫെബ്രുവരി 19 ന് കമ്മീഷൻ ചെയ്യും. കൂടാതെ ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നതും വർക്ക് അവാർഡ് ചെയ്തതുമായ 10 ജലവൈദ്യുതി പദ്ധതികൾ ഉൾപ്പെടെ 803.[illegible] മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധനവാണ് വരുന്ന 10 വർഷത്തിനുള്ളിൽ ഉദ്ദേശിക്കുന്നത് ഇതിന്റെ ഭാഗമായി ചെറുകിട പദ്ധതികൾ ഉൾപ്പെടെ 46 പദ്ധതികൾ വരുന്ന 5 വർഷത്തിനുള്ളിൽ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. (വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്).<br><br>ഒറീസ്സയിലെ ബൈധരണിയിൽ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച കൽക്കരി പാടത്ത് നിന്നും 1000 മെഗാവാട്ട് വൈദ്യുതി പദ്ധതിക്കുള്ള കൽക്കരി ലഭ്യമാകും. ഒറീസ്സ, ഗുജറാത്ത് സംസ്ഥാനങ്ങളുമായി ചേർന്ന് ഇതിന് കമ്പനി രൂപീകരിച്ച് നടപടികൾ തുടങ്ങി. ഇതുപയോഗപ്പെടുത്തി 1000 മെഗാവാട്ട് കൽക്കരി താപനിലയം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു.<br><br>ചീമേനിയിൽ ഒരു മെഗാപവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ഒന്നാം ഘട്ടമെന്ന നിലയിൽ പ്രകൃതി വാതകം ഉപയോഗിച്ചുള്ള 1200 മെഗാവാട്ട് പദ്ധതിയാണ് ഉദ്ദേശിക്കുന്നത്. |

ബ്രഹ്മപുരത്ത് 1026 മെഗാവാട്ടിന്റെ ഒരു പ്രകൃതി വാതകാധിഷ്ഠിത താപനിലയം സ്ഥാപിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി. | ചീമേനിയിൽ സൂപ്പർ താപനിലയം സ്ഥാപിക്കാനുള്ള പദ്ധതിയ്ക്കായി നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; | ബി. | ഉണ്ട്.<br>കെ.എസ്.ഐ.ഡി.സി യും കെ.എസ്.ഇ.ബി യും ചേർന്ന് രൂപീകരിക്കുന്ന ഒരു സംയുക്ത സംരംഭമാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ പ്രാരംഭ ജോലികൾ പുരോഗമിച്ചു വരുന്നു. |
| സി. | കായംകുളം താപനിലയത്തിന്റെ രണ്ടാം ഘട്ട പ്രവർത്തനത്തിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | സി. | ഉണ്ട്.<br>എൻ.ടി.പി.സി യാണ് പദ്ധതി നടപ്പിൽ വരുത്തുന്നത്. 1950 മെഗാവാട്ടിന്റെ പദ്ധതിയാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും എൽ.എൻ ജി യുടെ ലഭ്യതയും മറ്റും കണക്കിലെടുത്ത് 1050 മെഗാവാട്ടാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. |
| ഡി. | ബ്രഹ്മപുരത്ത് ആരംഭിക്കുന്ന വികസന പദ്ധതിയുടെ വിശദാംശം നൽകുമോ; | ഡി. | 1026 മെഗാവാട്ട് സ്ഥാപിതശേഷിയുള്ളതും പ്രകൃതി വാതകം ഇന്ധനമായി പ്രവർത്തിക്കുന്നതുമായ താപനിലയം സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് . ഈ പദ്ധതിക്ക് 4419.25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ഇ. | അടുത്ത പത്തുവർഷത്തിനകം എത്ര മെഗാവാട്ട് വൈദ്യുതി കൂടുതൽ ഉത്പാദിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | ഇ. | അടുത്ത പത്തു വർഷത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്ന പദ്ധതികൾ |

| | | |
|---|---|---|
| ജലവൈദ്യുത പദ്ധതികൾ | - 804.6 | മെഗാവാട്ട് |
| ബ്രഹ്മപുരം താപനിലയം | - 1026 | മെഗാവാട്ട് |
| കായംകുളം രണ്ടാം ഘട്ടം | - 1050 | മെഗാവാട്ട് |
| ചീമേനി താപനിലയം | - 1200 | മെഗാവാട്ട് |
| ബൈധരണി കൽക്കരി നിലയം | - 1000 | മെഗാവാട്ട് |
| ആകെ | - 5080.6 | മെഗാവാട്ട് |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ

<u>പന്ത്രണ്ടാം കേരള നിയമസഭ</u>
<u>പതിനേഴാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിട്ട</u>
<u>ചോദ്യം നമ്പർ. * 125.</u>

<u>16.2.2011-ൽ മറുപടിയ്ക്ക്</u>

## " <u>തൊഴിലാളിക്ഷേമം മുൻനിർത്തി സ്വീകരിച്ച നടപടികൾ</u>"

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| ശ്രീ.കെ.സി.രാജഗോപാലൻ:<br>ശ്രീ.എ.എം.യൂസഫ്: | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് തൊഴിലാളിക്ഷേമം മുൻനിർത്തി തൊഴിൽ വകുപ്പ് ഏതെല്ലാം നിയമ നിർമ്മാണങ്ങളാണ് നടത്തിയത്; | (എ) ഈ സർക്കാരിന്റെ കാലത്ത് പീടിക തൊഴിലാളികളുടെ ക്ഷേമത്തിനായി കേരളാ ഷോപ്പ് ആൻറ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെൻറ് തൊഴിലാളി ക്ഷേമനിധി ബോർഡ്, ചെറുകിട തോട്ടം തൊഴിലാളികളുടെ ക്ഷേമത്തിനായി ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, ആഭരണ തൊഴിലാളികളുടെ ക്ഷേമത്തിനായി ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയ്ക്കുവേണ്ടി നിയമനിർമ്മാണം നടത്തുകയുണ്ടായി. അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായി ഒരു പെൻഷൻ സ്കീം നിലവിൽ വന്നിട്ടുണ്ട്. അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ആക്ട്, 2008 എന്ന സെൻട്രൽ ആക്ട് നിലവിൽ വന്നതിനെ തുടർന്ന് കേരള അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി റൂൾസ് 2009 നിലവിൽ വന്നു. കുടിയേറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതിയും നിലവിൽ വന്നിട്ടുണ്ട്. |
| (ബി) പുതുതായി ഏതെല്ലാം മേഖലകളിലെ തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡുകൾ രൂപീകരിച്ചു എന്ന് വെളിപ്പെടുത്തുമോ; | (ബി) പീടിക തൊഴിലാളികൾക്ക് (ഷോപ്പ് ആൻറ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെൻറ്), ക്ഷേമനിധി ബോർഡ്, ചെറുകിട തോട്ടം തൊഴിലാളികൾക്ക് (ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി |

ബോർഡ്),ആഭരണ തൊഴിലാളികൾക്ക് (ആഭരണതൊഴിലാളി ക്ഷേമനിധി ബോർഡ്) എന്നിവയാണ് പുതുതായി രൂപീകരിച്ചിട്ടുള്ളത്. കൂടാതെ കുടിയേറ്റ തൊഴിലാളികൾക്ക് ക്ഷേമനിധി പദ്ധതി (ഇവർക്ക് പ്രത്യേകം ബോർഡ് ഉണ്ടാക്കിയിട്ടില്ല. കേരള ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡുമായി ബന്ധപ്പെടുത്തിയിരിക്കുന്നു), കേരളത്തിലെ പാചക തൊഴിലാളികൾക്കും, ഗാർഹിക ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും വേണ്ടി കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതിയും കേരള ഡൊമസ്റ്റിക് വർക്കേഴ്സ് ക്ഷേമനിധി പദ്ധതിയും 2011 ജനുവരിയിൽ നിലവിൽ വരികയും ആയത് കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(സി) തൊഴിൽ വകുപ്പിൻെറ നിയന്ത്രണത്തിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) തൊഴിൽ വകുപ്പിൻെറ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം പരിശോധിച്ച് അവ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിനും സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്ന ബോർഡുകൾ സ്വയം പര്യാപ്തമാക്കുന്നതിനും, സാമ്പത്തിക വിഷമതകൾ അനുഭവിക്കുന്ന ബോർഡുകൾ ഏകീകരിക്കുന്നതിനും സർക്കാരിന് മാർഗ്ഗ നിർദ്ദേശം നൽകുന്നതിനുമായി ശ്രീ.എസ്.ശ്രീനിവാസൻ, ഐ.എ.എസ് (റിട്ട.) ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് സർക്കാരിൻെറ പരിഗണനയിലാണ്. കൂടാതെ നിലവിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും അവയുടെ

പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ശുപാർശ സമർപ്പിക്കുവാൻ ഡോ.എ.വി.ജോസ് ചെയർമാനും ഡോ. എ.കെ.ശ്രീഹരി (ജില്ലാ ലേബർ ഓഫീസർ) കൺവീനറുമായി ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനം നടന്നുവരികയാണ്.

(ഡി) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക സ്രോതസ്സ് വിപുലീകരിക്കുന്നതിനും അംഗങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ കൊടുത്ത് തീർക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക സ്രോതസ്സ് വിപുലീകരിക്കുന്നതിനുവേണ്ടി വിവിധങ്ങളായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. തൊഴിലാളികളിൽ നിന്നുള്ള അംശാദായവും ഭൂവുടമാ വിഹിതവുമാണ് ബോർഡിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ. ബോർഡിന് സർക്കാർ അംശാദായം അനുവദിക്കുന്നതിന് പദ്ധതിയിൽ വ്യവസ്ഥ ഉണ്ടായിരുന്നില്ല. എന്നാൽ ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ബോർഡ് ഓരോ വർഷവും തൊഴിലാളികളിൽ നിന്നും പിരിച്ചെടുക്കുന്ന തുകയ്ക്ക് തുല്യമായ തുക സർക്കാർ വിഹിതം അനുവദിക്കുന്നതിന് പദ്ധതി ഭേദഗതി വരുത്തുകയും ചെയ്തു. ഭൂവുടമാ വിഹിതം 40 ആർ-നുമുകളിൽ ഓരോ ആർ-നും 25 പൈസ എന്ന നിരക്കിൽ വർദ്ധിപ്പിച്ചുകൊണ്ടും സർക്കാർ ഉത്തരവായിട്ടുണ്ട്. തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമിട്ട് വിവിധ ക്ഷേമ പദ്ധതികൾ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ബോർഡിൽ നിന്നും 2001 മുതൽ കുടിശ്ശിക ആയിരുന്ന റിട്ടയർമെന്റ് ആനുകൂല്യം മുഴുവനും വിതരണം ചെയ്യുന്നതിനായി 114.9 കോടി രൂപ സർക്കാർ അനുവദിക്കുകയുണ്ടായി. ഈ തുക വിനിയോഗിച്ച് 2009 ഡിസംബർ 31 വരെയുള്ള റിട്ടയർമെന്റ്

ആനുകൂല്യം വിതരണം ചെയ്യാൻ കഴിയുന്നതാ ണ്. ബോർഡിൻെറ അംശാദായം പ്രതിമാസം 5/- രൂപയിൽ നിന്നും 10/- രൂപയായി വർദ്ധിപ്പി ക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിൻെറ പരിഗ ണനയിലാണ്.

(ഇ) കേരള ഷോപ്പ്സ് ആൻറ് കമ്മേഴ്സ്യൽ എസ്റ്റാബ്ളിഷ്മെൻറ് വർക്കേഴ്സ് വെൽഫെ യർ ഫണ്ട് ബോർഡിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

(ഇ) കേരള ഷോപ്പ്സ് ആൻറ് കൊമ്മേഴ്സ്യൽ എസ്റ്റാ ബ്ളിഷ്മെൻറ് തൊഴിലാളി ക്ഷേമനിധി ബോർ ഡിൻെറ പ്രവർത്തനം വിപുലീകരിക്കുന്നതിന് വേണ്ടി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

(1) 8/6/07-ലെ സ.ഉ.(എം.എസ്) 71/2007/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം ആസ്ഥാനമായി ഒരു ചീഫ് ഓഫീസും തിരുവനന്തപുരം, കൊല്ലം എറണാ കുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിട ങ്ങളിൽ ജില്ലാ ഓഫീസുകളുമായി പ്രവർത്തനം ആരംഭിച്ച ബോർഡിന് 21/8/2009-ലെ സ.ഉ.(എം.എസ്)84/2010/തൊഴിൽ പ്രകാരം പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർ ഗോഡ്, വയനാട് എന്നിവിടങ്ങളിലും ഓഫീസു കൾ ആരംഭിക്കുവാൻ സർക്കാർ അനുമതി നൽ കി.

(2) പദ്ധതിയിൽ അംഗമാകുന്നതിനുള്ള പ്രായപരിധി 50 വയസ്സിൽ നിന്നും 55 വയസ്സായി ഉയർത്തി യിട്ടുണ്ട്.

(3) ബോർഡിൻെറ പ്രവർത്തനം പൂർണ്ണമായും കമ്പ്യൂ ട്ടറൈസ് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 126 — 16-02-2011 – ൽ മറുപടിയ്ക്ക്

## കോൾ നിലങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ബി. ബാബു പ്രസാദ്<br>ശ്രീ. ജി. കാർത്തികേയൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രധാന പ്പെട്ട കോൾ നിലങ്ങളിലെ അടിസ്ഥാന സൗകര്യ വികസന ത്തിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വെന്ന് വെളിപ്പെടുത്തുമോ; | (എ) കോൾ നിലങ്ങളിലെ അടിസ്ഥാന സൗകര്യ വികസന ത്തിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം അനുബന്ധം-1-ഉം, 2-ഉം ആയി ചേർത്തിരിക്കുന്നു. |
| (ബി) ഈ സാമ്പത്തിക വർഷം ഇതിനായി എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി നൽകിയിരുന്നത്; | (ബി) ഈ സാമ്പത്തിക വർഷം അനുമതി നൽകിയ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം - 3 ആയി ചേർത്തിരിക്കുന്നു. |
| (സി) ഈ കാലയളവിൽ ഏതൊക്കെ കോൾനിലങ്ങളിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി യിട്ടുണ്ട് എന്ന് വിശദീകരിക്കുമോ; | (സി) തൃശ്ശൂർ കോൾ മേഖലയിൽ എം.എം. കനാൽ 4-ാം ഭാഗം (ചെയിനേജ് 3500-3800 മീ. വരെ) കനാൽ കുഴിക്കലും പുനരുദ്ധാരണ പണികളും പൂർത്തീകരിച്ചു വരുന്നു. ഏനാമാക്കൽ വലതു ബണ്ടിന്റെ പുനരുദ്ധാരണവും അനുബന്ധ പണികളും പുരോഗമിക്കുന്നു. 2009-10-ൽ RKVY പദ്ധതിയിൽ അനുമതി ലഭ്യമാക്കിയ 245 ലക്ഷം രൂപയുടെ വിവിധ അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾ ബണ്ട് നിർമ്മാണം, പെട്ടി, പറ, മോട്ടോർ പമ്പ് സെറ്റ് എന്നിവ സ്ഥാപിക്കൽ, മോട്ടോർ ഷെഡ് നിർമ്മാണം തുടങ്ങിയവ പുരോഗമിക്കുന്നു. |
| (ഡി) ഇത്തരം വികസന പ്രവർത്തനങ്ങളിലൂടെ ഈ വർഷം സംസ്ഥാനത്ത് എത്ര ഹെക്ടർ ഭൂമിയിൽ അധികമായി നെൽകൃഷി നടത്താൻ സാധിക്കും എന്ന് വെളിപ്പെടുത്തുമോ? | (ഡി) തൃശ്ശൂർ കോൾ മേഖലയിൽ 11,000 ഹെക്ടർ നിലങ്ങൾക്കാണ് വിവിധ പദ്ധതികളുടെ പ്രയോജനം ലഭിച്ചിട്ടുള്ളത്.<br>RKVY പദ്ധതി പ്രകാരം 600 ഹെക്ടർ കോൾ നിലങ്ങളിൽ അധിക വിളവെടുക്കുവാൻ സാധിച്ചു. പൊന്നാനി കോൾമേഖലയിൽ ഉൾപ്പെട്ട 200 ഹെക്ടർ നെൽപ്പാടങ്ങൾക്കാണ് പ്രയോജനം ലഭിക്കുന്നത്. ഈ മേഖലയിൽ 60 ഹെക്ടർ സ്ഥലത്ത് അധികമായി കൃഷി ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. |

R...

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 127 — 16-02-2011 -ൽ മറുപടിക്ക്.

## സ്പിരിറ്റ് കടത്തൽ തടയുന്നതിന് നടപടി

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ<br>" ആർ. സെൽവരാജ്<br>" സി. എച്ച്. കുഞ്ഞമ്പു<br>ശ്രീമതി കെ. എസ്. സലീഖ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) അയൽ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് സ്പിരിറ്റ് കടത്തുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) ചെക്ക്പോസ്റ്റുകളിൽ കൂടുതൽ ജീവനക്കാരെ നിയമിച്ചുകൊണ്ട്, അതീവ ജാഗ്രതയോടെ വാഹനപരിശോധന നടത്തുകയും, റെയിഞ്ച്/സർക്കിൾ ഇൻസ്പെക്ടർ എന്നിവരുടെ നേതൃത്വത്തിൽ സ്ട്രൈക്കിംഗ് ഫോഴ്സ്, മൊബൈൽ പട്രോൾ യൂണിറ്റ്, പ്രത്യേക സ്ക്വാഡുകൾ എന്നിവ രൂപീകരിച്ച് പ്രധാന റോഡുകളിൽ പരിശോധന നടത്തുകയും, റെയിൽവേ ഉദ്യോഗസ്ഥരുമായി സഹകരിച്ച് റെയിൽമാർഗ്ഗം വരുന്ന സംശയമുള്ള പാഴ്സലുകൾ പരിശോധിക്കുന്നതിനും, കടൽമാർഗ്ഗം സ്പിരിറ്റ് കടത്താൻ സാധ്യതയുള്ള ഭാഗങ്ങളിൽ രാത്രിയും പകലും പട്രോളിംഗ് നടത്തിയും, അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് സ്പിരിറ്റ് കടത്തുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ചെക്ക് പോസ്റ്റുകളിൽ സ്നിഫർ ഡോഗിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) അതിർത്തി പ്രദേശങ്ങൾ ഉൾപ്പെട്ട ജില്ലകളിൽ ഇതിനായി ശക്തമായ നടപടികൾ സ്വീകരിക്കുമോ; | (ബി) മേൽപ്പറഞ്ഞവ കൂടാതെ, എക്സൈസ് ഇന്റലിജൻസ് വിഭാഗത്തിന്റെ സഹകരണത്തോടുകൂടി, അതിർത്തി പ്രദേശങ്ങളിൽ രാത്രികാല പട്രോളിംഗ് നടത്തി വരുന്നു. |
| (സി) സ്പിരിറ്റും വ്യാജമദ്യവും പിടിച്ചെടുക്കുന്നതിൽ എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്നു വ്യക്തമാക്കുമോ; | (സി) എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതിന്റെ ഫലമായി സ്പിരിറ്റും വ്യാജമദ്യവും പിടിച്ചെടുക്കുന്നതിൽ വൻ പുരോഗതി ഉണ്ടായിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | എക്സൈസ് വകുപ്പിന്റെ പ്രവർത്തനം ആധുനികവൽക്കരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഡി) | എക്സൈസ് വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി 14 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ തസ്തികകൾ സൃഷ്ടിക്കുകയും, 6 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ തസ്തികകൾ ജോയിന്റ് എക്സൈസ് കമ്മീഷണർമാരായി ഉയർത്തുകയും ചെയ്തു. 2006 മുതൽ വാങ്ങിയ 150 ജീപ്പുകൾ കൂടാതെ 28 ആധുനിക മോഡൽ വാഹനങ്ങൾ കൂടി വാങ്ങുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാസർകോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ മുഴുവൻ റെയിഞ്ച് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുകയും, കമ്പ്യൂട്ടർ സൗകര്യമുള്ള എല്ലാ ഓഫീസുകളിലും ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 110 ആധുനിക പിസ്റ്റളുകളും വകുപ്പിലേക്കായി വാങ്ങിയിട്ടുണ്ട്. കൂടാതെ, ഡെപ്യൂട്ടി കമ്മീഷണർ മുതലുള്ള ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക ആവശ്യത്തിനായി മൊബൈൽ ഫോൺ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മദ്യത്തിന്റെ സാമ്പിൾ പരിശോധന കുറ്റമറ്റതാക്കുന്നതിനായി 3 റീജണൽ ലാബുകളിൽ ആധുനിക അനലിറ്റിക്കൽ ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ഇ) | എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 14 അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരുടെ തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ, മേജർ ചെക്ക് പോസ്റ്റുകളുടെ നിയന്ത്രണം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരുടെ അധീനതയിൽ ആക്കിയിട്ടുണ്ട്. സ്പിരിറ്റ് കടത്ത് തടയുന്നതിന്റെ ഭാഗമായി അമരവിള ചെക്ക്പോസ്റ്റിൽ സ്നിഫർ ഡോഗ് സ്ക്വാഡിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 128 16.2.2011 ൽ മറുപടിക്ക്

'ആത്മ' പദ്ധതിയുടെ പ്രവർത്തനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് | : | ശ്രീ. മുല്ലക്കര രത്നാകരൻ |
| ശ്രീ. പി.കെ. അബ്ദുറബ്ബ് | : | (കൃഷി വകുപ്പ് മന്ത്രി) |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | : | |
| ശ്രീ. സി.ടി. അഹമ്മദ് അലി | : | |

| | |
|---|---|
| (എ) കാർഷിക മേഖലയിൽ നടപ്പാക്കിവരുന്ന 'ആത്മ' പദ്ധതിയുടെ പ്രവർത്തനം വിശദമാക്കുമോ ; | (എ) കാർഷിക മേഖലയിലെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി പദ്ധതി ചെലവിന്റെ 90% കേന്ദ്ര സർക്കാർ വഹിക്കുന്ന വിധം ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പദ്ധതിയാണ് 'ആത്മ' എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന അഗ്രിക്കൾച്ചർ ടെക്നോളജി ആന്റ് മാനെജ്മെന്റ് ഏജൻസി. സപ്പോർട്ട് ടു സ്റ്റേറ്റ് എക്സ്റ്റൻഷൻ റീഫോംസ് (Support to State Extension Programme for Extension Reforms) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കേന്ദ്ര സർക്കാർ ഇത് നടപ്പിലാക്കു ന്നത്. കർഷകരുടെ ക്ഷേമത്തിനും ഉന്നമനത്തിനും കാർഷിക മേഖലയുടെ പുരോഗതിക്കും ഉതകുന്ന വിധം കാർഷിക മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാ വകുപ്പുകളുടെയും കാർഷിക സർവ്വകലാശാലകളുടെയും ഗവേഷണ സ്ഥാപനങ്ങളുടെയും ഈ മേഖലയിൽ നടക്കുന്ന ശാസ്ത്ര പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളുടെയും ഏകോപനവും അവയുമായി ബന്ധപ്പെട്ട വിജ്ഞാന വ്യാപന പ്രവർത്തന- |

ങ്ങളുമാണ് 'ആത്മ'യിലൂടെ ലക്ഷ്യമിടുന്നത്. കർഷകർക്കായി പരിശീലന പരിപാടികൾ, പ്രദർശനത്തോട്ടങ്ങൾ, കാർഷികാനുബന്ധ മേഖലയിലെ പ്രദർശന യൂണിറ്റുകൾ, പഠനയാത്രകൾ, കർഷക ഉല്പാദക/ഉൽപ്പന്ന ഗ്രൂപ്പുകളുടെ രൂപീകരണം, ശാക്തീകരണം, കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കുമുള്ള അവാർഡുകൾ, മറ്റു പ്രോത്സാഹന സമ്മാനങ്ങൾ, ജില്ലാതല പ്രദർശന മേളകൾ, ഇലക്ട്രോണിക്ക് മാദ്ധ്യമങ്ങൾ ഉപയോഗിച്ചുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, കർഷകരും, ശാസ്ത്രജ്ഞരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ചേർന്നുള്ള ശില്പശാലകൾ (interface) , ബ്ലോക്ക് തലത്തിൽ ഫാം ഇൻഫർമേഷൻ അഡ്വൈസറി സെന്ററുകളുടെ രൂപീകരണം, മികച്ച കർഷകരുടെ കൃഷിയിടങ്ങളിൽ ഫാം സ്കൂൾ നടപ്പിലാക്കൽ എന്നിവയ്ക്കായി കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി സാമ്പത്തിക സഹായം നൽകി വരുന്നു .

(ബി) ഈ പദ്ധതി നടപ്പാക്കിത്തുടങ്ങിയത് എന്നുമുതലാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) 2005-06 വർഷം മുതലാണ് പദ്ധതി നടപ്പാക്കിത്തുടങ്ങിയത്.

(സി) ഇതുവരെ പ്രതിവർഷം എന്തു തുക ഈ പദ്ധതി പ്രകാരം ചെലവഴിച്ചു എന്നും, അതിനായി കേന്ദ്രം എന്തു തുക അനുവദിച്ചു എന്നും വിശദമാക്കുമോ;

(സി) 31/1/2011 വരെ കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിച്ച തുകയുടെയും, വിനിയോഗിച്ച തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കേന്ദ്ര വിഹിതം (രൂപ ലക്ഷം) | സംസ്ഥാന വിഹിതം (രൂപ ലക്ഷം) | ചെലവഴിച്ച തുക (രൂപ ലക്ഷം) |
|---|---|---|---|
| 2005-06 | 80.00 | - | 0.4689 |

| | | | |
|---|---|---|---|
| 2006-07 | 117.00 | - | 6.47 |
| 2007-08 | 125.00 | 22.11 | 35.535 |
| 2008-09 | 470.00 | 110.44 | 325.63 |
| 2009-10 | 243.27 | 50.00 | 854.58 |
| 2010-11 | 610.00 | 50.00 | 301.93 (31/1/2011 വരെ ചെലവഴിച്ചത്) |

(ഡി) 'ആത്മ' പദ്ധതി മുഖേന കാർഷിക മേഖലയ്ക്കുണ്ടായ നേട്ടം വിശദീകരിക്കുമോ ;

(ഡി) കാർഷിക മേഖലയിൽ വിജ്ഞാന വ്യാപന രംഗത്ത് ഒരു പുത്തനുണർവ്വുണ്ടാകാൻ 'ആത്മ' പദ്ധതികൾ നടപ്പിലാക്കിയതിലൂടെ സാധിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധങ്ങളായ പദ്ധതികൾ വിജയിപ്പിക്കുന്നതിനാവശ്യമായ കർഷക അനുബന്ധ മേഖലകളിലെ പരിശീലനങ്ങൾ, പ്രദർശനത്തോട്ടങ്ങൾ, പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കുന്നതിനും കർഷകർക്ക് നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്ന തിനുമുള്ള അനുപൂരണ സമ്പ്രദായമായി 'ആത്മ 'പദ്ധതികൾ മാറിക്കഴിഞ്ഞിട്ടുണ്ട്. കർഷകർക്ക് കൃഷിയിൽ ആഭിമുഖ്യം വളർത്തുന്നതിനും കാർഷിക വൃത്തി പ്രോത്സാഹിപ്പിക്കുന്നതിനുമായി കർഷക ഗ്രൂപ്പുകൾക്കും കൃഷിക്കാർക്കും ബ്ലോക്ക് തലത്തിൽ വരെ അവാർഡുകൾ ഏർപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. പ്രാദേശികമായ കാർഷിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാ തലത്തിൽ കർഷകരും, ശാസ്ത്രജ്ഞരും, ഉദ്യോഗസ്ഥരും ചേർന്നുള്ള ശില്പശാലകൾ നടപ്പിലാക്കാൻ സാധിച്ചു. മികച്ച കർഷകരുടെ കൃഷിയിടങ്ങളിൽ കർഷകരുടെ നേതൃത്വത്തിൽ തന്നെ നടപ്പിലാക്കി വരുന്ന ഫാം സ്ക്കൂളുകളും 'ആത്മ' പദ്ധതിയുടെ നേട്ടങ്ങളാണ്. കാർഷിക വാർത്തകളും അറിവുകളും പ്രക്ഷേപണം ചെയ്യുന്നതിനായി വയനാട് ജില്ലയിലെ

മാനന്തവാടിയിൽ ഒരു കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ കുട്ടനാട് മേഖലയിൽ ഒരു റേഡിയോ സ്റ്റേഷൻ തുടങ്ങുന്ന തിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ ഇലക്ട്രോണിക്ക് മാദ്ധ്യമങ്ങൾ ഉപയോഗ പ്പെടുത്തിയുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും നടന്നു വരുന്നു.

| | | | |
|---|---|---|---|
| (ഇ) | സ്കൂൾ, കോളേജ് വിദ്യാർത്ഥി കളിൽ കാർഷികാഭിമുഖ്യം വളർത്തുന്നതിനുള്ള പരിപാടി കളെന്തെങ്കിലും 'ആത്മ' മുഖേന നടപ്പാക്കുന്നുണ്ടോ; ഇല്ലെങ്കിൽ സിലബസ്സിൽ ഉൾപ്പെടുത്തി മാസത്തിൽ മൂന്ന് മണിക്കൂറെങ്കിലും, കാർഷിക പഠനത്തിന് വിനിയോഗിക്കത്തക്ക വിധമുള്ള ഒരു പരിപാടി തയ്യാറാക്കി നടപ്പാക്കാൻ നിർദ്ദേശം നൽകുമോ ? | (ഇ) | ഇപ്പോൾ നടപ്പിലാക്കുന്നില്ല. 'ആത്മ' മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്താത്ത പദ്ധതികൾ നടപ്പിലാ ക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
# പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 129 — 16.02.2011 ൽ മറുപടിക്ക്

## സഹകരണ സംഘം ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ റിപ്പോർട്ട്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. വി.എൻ. വാസവൻ<br>ശ്രീ. എം.എം. മോനായി<br>ശ്രീ. എം. ചന്ദ്രൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പുമന്ത്രി) |
| എ) സഹകരണ സംഘം ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | എ) പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്; റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ; | ബി) പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ റിപ്പോർട്ടിൽ അടിസ്ഥാന ശമ്പളത്തോടൊപ്പം 24 ശതമാനം ക്ഷാമബത്ത ലയിപ്പിക്കുന്നതിനും 6 ശതമാനം വർദ്ധനവ് വരുത്തുന്നതിനും സർവ്വീസ് വെയ്റ്റേജ് നൽകുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ എം.സി.എ/എം.ബി.എ/സി.എ. എന്നിവയിൽ ഏതെങ്കിലും ഒന്നോ, ഒന്നിലധികമോ യോഗ്യതയുള്ളവർക്ക് ഒരു അഡീഷണൽ ഇൻക്രിമെന്റും ശുപാർശ ചെയ്തിട്ടുണ്ട്. 5, 10, 20 വർഷങ്ങൾക്ക് സർവ്വീസ് വെയ്റ്റേജും 8, 16, 23, 28 വർഷങ്ങൾക്ക് ഹയർ ഗ്രേഡും ശുപാർശ ചെയ്തിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| സി) ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള കുറഞ്ഞതും കൂടിയതുമായ വർദ്ധനവ് എത്രയാണ്; | സി) റിപ്പോർട്ടിലെ ശുപാർശ പ്രകാരം ജീവനക്കാരന് പ്രതിമാസം ലഭിക്കുന്ന ഏറ്റവും കുറഞ്ഞ വർദ്ധനവ് 1,020/- രൂപയും കൂടിയ വർദ്ധനവ് 14,385/- രൂപയും ആണ്. |
| ഡി) സഹകരണ സംഘങ്ങളുടെ വികസനത്തിനായി കമ്മീഷൻ എന്തെങ്കിലും നിർദ്ദേശങ്ങൾ ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ഡി) സംഘങ്ങളുടെ വികസനത്തിനായി കമ്മീഷൻ റിപ്പോർട്ടിൽ ശുപാർശകളൊന്നും സമർപ്പിച്ചിട്ടില്ല. |
| ഇ) കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള ആനുകൂല്യങ്ങൾ എല്ലാ സഹകരണ സംഘം ജീവനക്കാർക്കും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | ഇ) കമ്മീഷന്റെ ശുപാർശ അംഗീകരിക്കുന്ന മുറയ്ക്ക് അതു പ്രകാരമുള്ള ആനുകൂല്യങ്ങൾ എല്ലാ സഹകരണ സംഘം ജീവനക്കാർക്കും ലഭ്യമാക്കുന്നതാണ്. |

Rajendran

**സെക്ഷൻ ഓഫീസർ**

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം : 130

16/02/2011-ൽ
മറുപടിക്ക്

## നോക്കുകൂലി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ഉമ്മർ<br>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. യു.സി.രാമൻ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) തൊഴിൽ നിയമത്തിൽ നോക്കുകൂലി തൊഴിലാളികളുടെ അവകാശമാക്കിക്കൊണ്ട് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ യെന്ന് വ്യക്തമാക്കുമോ; | (എ) ഉദ്ദേശിക്കുന്നില്ല. |
| (ബി) തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുത്തുന്നതിനുള്ള നഷ്ട പരിഹാരമാണ് നോക്കുകൂലി എന്ന പുതിയ നിർവ്വചനം സർക്കാർ അംഗീകരിക്കുന്നുണ്ടോ; | (ബി) ഇല്ല. |
| (സി) ഇല്ലെങ്കിൽ നോക്കുകൂലി അവസാനിപ്പിക്കാൻ എന്തെല്ലാം നടപടി ഗവൺമെന്റ് സ്വീകരിച്ചി ട്ടുണ്ട്; ആവശ്യമെങ്കിൽ ഇതിനായി നിയമ നിർമ്മാണം നടത്തുന്നതിന് തയ്യാറാകുമോ; | (സി) നോക്കുകൂലി ആവശ്യപ്പെടുകയോ വാങ്ങിക്കുകയോ ചെയ്തു എന്നു ലഭിക്കുന്ന പരാതിയിൻമേൽ കർശനമായ നടപടി എടുക്കുന്നുണ്ട്. ഇതിനായി പ്രത്യേക നിയമ നിർമ്മാണം ആവശ്യമുണ്ടെന്ന് കരുതുന്നില്ല. |
| (ഡി) തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന ഈ അനാചാരം പൊതുജനങ്ങൾക്കും, നാടിന്റെ വ്യവസായ വികസനത്തിനും ഹാനികരമാണെന്ന കാര്യം സർക്കാർ അംഗീകരിക്കുന്നുണ്ടോ? | (ഡി) നോക്കുകൂലി സർക്കാർ അംഗീകരിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനേഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 131 16.2.2011- ൽ മറുപടിയ്ക്ക്

## കാർഷിക വിളകളുടെ കീടരോഗബാധ തടയുന്നതിന് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ :<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ :<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു :<br>ശ്രീ.പി.ജയരാജൻ : | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(ബഹു. കൃഷി വകുപ്പു മന്ത്രി) |
| എ) കാർഷിക വിളകളുടെ കീടരോഗബാധ തടയുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ ; | (എ) | കാർഷിക വിളകളുടെ കീടരോഗബാധ തടയുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സംയോജിത കീടനിയന്ത്രണ പദ്ധതി, ആർ.കെ.വി.വൈ പദ്ധതി പ്രകാരം ഉള്ള ജൈവകീടനിയന്ത്രണ മാർഗ്ഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾ, കേരശ്രീ പദ്ധതി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന വിവിധ രോഗകീട നിയന്ത്രണ പദ്ധതികൾ, സുസ്ഥിര നെൽകൃഷി വികസന പദ്ധതി എം.ഒ.യു നെൽകൃഷി വികസനം , ഭക്ഷ്യസുരക്ഷാ പദ്ധതി എന്നീ പദ്ധതികളിലെല്ലാം കീട-രോഗനിയന്ത്രണം ഒരു ഘടകമായി ഉൾക്കൊള്ളിച്ച് രോഗ കീട നിയന്ത്രണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) കീടരോഗബാധിത മേഖലകളിൽ തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ കീടനിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | ബി) | പ്രാദേശികാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തിനും യോജിച്ച രീതിയിലുള്ളതും അത്യാവശ്യമുള്ളതുമായ രോഗ കീടനിയന്ത്രണ പദ്ധതികൾ ഓരോ പഞ്ചായത്തിലും ജനകീയാസൂത്രണ പദ്ധതി പ്രകാരം ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഉദാഹരണത്തിന് വയനാട് ജില്ലയിൽ കൂമ്പ് ചീയൽ ബാധിച്ച തെങ്ങുകൾ |

വെട്ടിമാറ്റുന്നതിനും കമുകിൻെറ മഹാളി നിയന്ത്രണത്തിന് മരുന്ന് തളി നടത്തുന്നതിനും ചില പഞ്ചായത്തുകൾ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നു. കാസർഗോഡ് ജില്ലയിൽ കാർഷിക വിളകളുടെ സമഗ്ര വികസനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികളിൽ കീടരോഗ നിയന്ത്രണം ഒരു ഘടകമായി ചേർത്തിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ഗ്രാമ പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് കീടരോഗ ബാധയ്ക്ക് വേണ്ട ജൈവ-രാസ-കീടനാശിനികൾ സ്യൂഡോമൊണാൽ, ട്രൈക്കോ കാർഡ് എന്നിവയ്ക്ക് വേണ്ട തുക സബ്സിഡി ഇനത്തിൽ നൽകുവാൻ വകയിരുത്തിയിട്ടുണ്ട്. ഇതുപോലെ എല്ലാ ജില്ലകളിലും വിവിധ പദ്ധതികൾ രോഗ കീടനിയന്ത്രണത്തിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു.

| | | | |
|---|---|---|---|
| സി) | മൊബൈൽ ആഗ്രോക്ലിനിക്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | സി) | സംസ്ഥാനത്ത് കൃഷി വകുപ്പിൻെറ കീഴിൽ 12 മൊബൈൽ ആഗ്രോക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. തൃശ്ശൂർ, പത്തനംതിട്ട എന്നീ ജില്ലകൾ ഒഴികെ എല്ലാ ജില്ലകളിലും മൊബൈൽ ആഗ്രോക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത ക്ലിനിക്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഡി) | ഇപ്പോൾ എത്ര മൊബൈൽ ക്ലിനിക്കുകളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | ഡി) | 12 മൊബൈൽ ആഗ്രോക്ലിനിക്കുകളാണ് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നത്. തൃശ്ശൂർ, പത്തനംതിട്ട എന്നീ ജില്ലകൾ ഒഴികെ എല്ലാ ജില്ലകളിലും മൊബൈൽ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. |
| ഇ) | അമിത കീടനാശിനി പ്രയോഗത്തിനെതിരെ ബോധവൽക്കരണം നടത്താൻ പദ്ധതി ആവിഷ്കരിക്കുമോ ? | ഇ) | അമിത കീടനാശിനി പ്രയോഗത്തിനെതിരെയും അതുമൂലമുണ്ടാകുന്ന ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചും കർഷകരെയും മറ്റ് പൊതുജനങ്ങളേയും ബോധവൽക്കരിക്കുന്നതിനായി ധാരാളം പരിപാടികൾ കൃഷി വകുപ്പിൻെറ ആഭിമുഖ്യത്തിൽ നടന്നുവരുന്നു. |

ഇടുക്കി ജില്ലയിൽ 2010 ഡിസംബർ 3 മുതൽ 10 വരെ കീടനാശിനി വിരുദ്ധവാരമായി ആചരിച്ചതിൻെറ ഭാഗമായി അശാസ്ത്രീയ കീടനാശിനി പ്രയോഗത്തിൻെറ ദൂഷ്യവശങ്ങളെ കുറിച്ച് കർഷകരെ ബോധവൽക്കരിക്കുന്നതിനായി നോട്ടീസ് വിതരണം നടത്തുകയും ബാനറുകൾ പ്രദർശിപ്പിക്കുകയും, സെമിനാറുകൾ, ചർച്ചാ ക്ലാസ്സുകൾ, പ്രദർശനങ്ങൾ മുതലായവ നടത്തുകയും ചെയ്തു. കീടനാശിനികളുടെ അമിത ഉപയോഗം നിയന്ത്രിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ട് കൊണ്ട്, കാസർഗോഡ് ജില്ലയിൽ ചുവപ്പും മഞ്ഞയും ലേബലിൽ വിതരണം ചെയ്യുന്ന കീടനാശിനികളുടെ ഉപയോഗം സർക്കാർ ഉത്തരവ് (എം.എസ്) നം.310/2010 തീയതി 2.12.2010 പ്രകാരം നിരോധിച്ച് കൊണ്ട് ഉത്തരവായിട്ടുണ്ട്. അതുപോലെ തന്നെ അശാസ്ത്രീയവും വിവേചനരഹിതവുമായ കീടനാശിനി ഉപയോഗം നിയന്ത്രിക്കുന്നതിനായി കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ കുറിപ്പടികളുടെ അടിസ്ഥാനത്തിൽ മാത്രമേ കീടനാശിനി ഡിപ്പോകളിൽ നിന്ന് കീടനാശിനി വിതരണം നടത്തുവാൻ പാടുള്ളൂ എന്നും സർക്കാർ ഉത്തരവായിട്ടുണ്ട്. (സ.ഉ (എം.എസ്) നം.22/11 തീയതി 17.1.11) കൂടാതെ കൃഷിവകുപ്പിൻെറ വിവിധ സ്ഥാപനങ്ങൾ, കേന്ദ്ര സംസ്ഥാന കാർഷിക ഗവേഷണ സ്ഥാപനങ്ങൾ എന്നിവ മുഖേനയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 132 16/2/2011 ൽ മറുപടിയ്ക്ക്

<u>പട്ടിക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർഷാരംഭത്തിൽ ലഭ്യമാക്കാൻ നടപടി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.ഷാജു<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ | ശ്രീ. എ.കെ.ബാലൻ<br>(പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) പട്ടിക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർഷാരംഭത്തിൽ തന്നെ ലഭിക്കാത്തതുമൂലം അവർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മുൻകൂറായി നൽകുന്നതിന് എന്തെങ്കിലും നിയമ തടസ്സങ്ങളുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (എ) & (ബി) വിദ്യാഭ്യാസാനുകൂല്യങ്ങൾ ഇപ്പോൾ വർഷാരംഭത്തിൽ തന്നെ നൽകുന്നുണ്ട്. പ്രീ മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് മുൻകൂറായി അനുവദിക്കുന്നു. പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റും ആദ്യത്തെ അഞ്ചുമാസത്തെ സ്റ്റൈപ്പന്റും മുൻകൂറായി നൽകുന്നു. അടുത്ത അഞ്ചു മാസത്തെ സ്റ്റൈപ്പന്റ് ഡിസംബർ മാസം മുൻകൂറായി തന്നെ നൽകുന്നു. പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 'ഇ-ഗ്രാന്റ്സ്' പദ്ധതി യിലൂടെ ആനുകൂല്യം അനുവദിക്കുന്നതിനാൽ മുൻകൂറായി നൽകേണ്ട ആവശ്യം വരുന്നില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 133 16/02/2011-ൽ മറുപടിക്ക്

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ജെ. തങ്കപ്പൻ ;<br>ശ്രീ. എ. എം. യൂസഫ് ;<br>ശ്രീ. കെ. സി. രാജഗോപാലൻ ;<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ; | ശ്രീ. പി. കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കാര്യക്ഷമമായി നടത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പും ആരോഗ്യ കുടുംബ ക്ഷേമവകുപ്പും തദ്ദേശ സ്വയംഭരണവകുപ്പും, യോജിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ നോഡൽ വകുപ്പായി തൊഴിൽ വകുപ്പ് പ്രവർത്തിക്കുന്നു. പദ്ധതി നിർവഹണത്തിന് സംസ്ഥാനത്ത് മേൽനോട്ടം വഹിക്കുന്നത് തൊഴിൽ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായും ആരോഗ്യ കുടുംബ ക്ഷേമവകുപ്പ് മന്ത്രി ഉപാദ്ധ്യക്ഷയായും, പ്ലാനിംഗ് ബോർഡ് മെമ്പർ, ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ, ചിയാക് എക്സിക്യൂട്ടീവ് ഡയറക്ടർ തുടങ്ങിയവരടങ്ങുന്ന ഉന്നതാധികാര സൂപ്പർ വൈസറി കൗൺസിലാണ്. ജില്ലാതലത്തിൽ അതത് ജില്ലാ കളക്ടർ അദ്ധ്യക്ഷനായും, ജില്ലാ ലേബർ ഓഫീസർ കൺവീനറായുമുള്ള കോർ കമ്മിറ്റിയാണ് പദ്ധതി നടത്തിപ്പിനു മേൽനോട്ടം വഹിക്കുന്നത്. മേല്പറഞ്ഞ സമിതികൾ ആവശ്യമായ ഘട്ടങ്ങളിൽ യോഗം ചേർന്ന് പദ്ധതി പ്രവർത്തനം അവലോകനം ചെയ്യുകയും പ്രശ്നങ്ങളിൽ ഇടപെട്ടു പരിഹരിക്കുകയും വേണ്ട മാർഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തു വരുന്നു. മന്ത്രി തലത്തിലും വകുപ്പ് സെക്രട്ടറി തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികളുടെ യോഗം വിളിച്ചുകൂട്ടി പ്രശ്നങ്ങൾ ചർച്ച ചെയ്തു പരിഹരിക്കുന്നു. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീയുടെയും മറ്റു ബഹു ജന സംഘടനാ പ്രതിനിധികളുടെയും സഹായത്തോ |

| | |
|---|---|
| | ടെയാണ് പദ്ധതിയിൽ അംഗങ്ങളെ ചേർക്കുന്ന പ്രക്രിയ വിജയകരമായി നടപ്പിലാക്കുന്നത്. |
| (ബി) പദ്ധതിയുടെ നടത്തിപ്പിലെ മികവ് പരിഗണിച്ച് സംസ്ഥാനത്തിന് പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) ആദ്യ വർഷം "Outstanding commitment in terms of Initiative, Innovation and Institutional building in the implementation of Rashtriya Swasthya Bhima Yojana Awarded to State of Kerala" എന്ന ദേശീയ പുരസ്കാരം സംസ്ഥാനത്തിനും, 'Best Performance'-നുള്ള ദേശീയ പുരസ്കാരം ചിയാക്കിനും ലഭിച്ചു. 2010ൽ കേരളത്തിനു maximum Utilization of the Scheme-നു ദേശീയ പുരസ്ക്കാരവും, ചിയാകിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് Individual Committment ന് ദേശീയ അവാർഡും ലഭിച്ചു. |
| (സി) എത്ര ബി.പി.എൽ. കുടുംബങ്ങളെ ഇതിനകം പദ്ധതിയിൽ ചേർത്തിട്ടുണ്ടെന്നും എത്ര എ.പി.എൽ. കുടുംബങ്ങൾ പദ്ധതിയിൽ ചേർന്നിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ; | (സി) ബി.പി.എൽ. വിഭാഗത്തിൽ 17.34 ലക്ഷവും എ.പി.എൽ. വിഭാഗത്തിൽ 1.40 ലക്ഷവും കുടുംബങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്വകാര്യ ആശുപത്രികളിൽ നിന്നും ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുമോ; | (ഡി) ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ഇ) ഇൻഷ്വറൻസ് പദ്ധതി വിപുലീകരിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഇ) ഈ വർഷം ഹൃദ്രോഗം, വൃക്കരോഗം, കാൻസർ തുടങ്ങിയ മാരക രോഗങ്ങളുടെ ചികിത്സക്കായി സംസ്ഥാന സർക്കാർ 70,000 രൂപയുടെ ചികിത്സാ സൗജന്യം ചിസ്സ് പ്ലസ്സ് പദ്ധതി മുഖേന അധികമായി ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : 134 — 16.02.2011 ൽ മറുപടിയ്ക്ക്

## ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. എ.സി. മൊയ്തീൻ<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ.പി. വിശ്വൻ | ശ്രീ. എ.കെ. ബാലൻ<br>പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി |

| | | | |
|---|---|---|---|
| എ. | ഊർജ്ജസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന് ഊർജ്ജ ക്രെഡിറ്റ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. |
| ബി. | എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകുമോ; ഏതെല്ലാം വിഭാഗം ഉപഭോക്താക്കൾക്കാണ് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് ; | (ബി) | സംസ്ഥാനത്തെ ഗാർഹിക വൈദ്യുത ഉപഭോക്താക്കൾക്കിടയിൽ ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കാൻ വേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ഊർജ്ജ ക്രെഡിറ്റ് സംവിധാനം. പ്രസ്തുത പദ്ധതി വഴി, ഉപഭോക്താവ് ലാഭിക്കുന്ന ഓരോ യൂണിറ്റ് വൈദ്യുതിക്കും ഒരു നിശ്ചിത തുക ക്രെഡിറ്റ് ആയി നൽകും. ഈ തുക ഉപയോഗിച്ച് ഉപഭോക്താവിന് സപ്ലൈകോയുടെ സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങളോ, വിദ്യാർത്ഥികൾക്ക് പുസ്തകങ്ങളോ വാങ്ങാവുന്നതാണ്. ഇതു കൂടാതെ ഉപഭോക്താക്കളുടെ ഇടയിൽ നിന്നും പദ്ധതി കാലയളവിൽ അവർ നടത്തിയിട്ടുള്ള ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന മൂന്നു മികച്ച ലേഖനങ്ങൾക്ക് സമ്മാനവും നൽകുന്നതാണ്. |

| | |
|---|---|
| സി. ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി സർക്കാർ ആഫീസുകളിൽ പ്രീപെയ്ഡ് മീറ്റർ സംവിധാനം ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) ഉദ്ദേശിക്കുന്നുണ്ട് |
| ഡി പ്രസ്തുത പദ്ധതിമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ; | (ഡി) പ്രസ്തുത പദ്ധതിമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ ചുവടെ വിശദീകരിക്കുന്നു.<br>1) സർക്കാർ ആഫീസുകളിലെ ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി വൈദ്യുതിയുടെ ദുരുപയോഗം തടയുന്നതിന് വേണ്ടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഈ സംവിധാനം നടപ്പിലാക്കുന്നതുമൂലം വിവിധ വകുപ്പുകളിലെ ഊർജ്ജ ഉപഭോഗ ചെലവ് നിയന്ത്രിക്കാൻ സാധിക്കും.<br>2) എനർജി ഓഡിറ്റിങ്ങ് ഫലപ്രദമായിനടപ്പിലാക്കാൻസാധിക്കും.<br>3) ഉപഭോക്താവിന്റെതാൽപര്യമനുസരിച്ച് വൈദ്യുത ഉപഭോഗം നിയന്ത്രിക്കാവുന്നതാണ്.<br>4) സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കേണ്ട ആവശ്യകതയില്ല.<br>5) വൈദ്യുതി കുടിശ്ശിക ഇല്ലാതാകുന്നു. |
| ഇ. തെരുവു വിളക്കുകൾ യഥാസമയം കത്തിക്കുകയും അണയ്ക്കുകയും ചെയ്യാത്തതുമൂലമുള്ള വൈദ്യുതി നഷ്ടം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) തെരുവു വിളക്കുകൾ യഥാസമയം കത്തിക്കുന്നതിനും അണയ്ക്കുന്നതിനും വേണ്ട നിർദ്ദേശം എല്ലാ സെക്ഷനാഫീസുകളിലും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 135 16.2.2011- ൽ മറുപടിയ്ക്ക്

## കുട്ടനാട് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ :<br>ശ്രീ.അടൂർ പ്രകാശ് :<br>ശ്രീ.കെ.ബാബു<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(ബഹു. കൃഷി വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ പരമ്പരാഗത നെല്ലുത്പാദന മേഖലയായ കുട്ടനാട്ടിലെ നെല്ലുത്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന കുട്ടനാട് പദ്ധതിയിൻ കീഴിൽ ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (എ) കൃഷി വകുപ്പ് നടപ്പിലാക്കുന്ന 'സീഡ് വില്ലേജ്' പദ്ധതി പ്രകാരം 2009-10 'പുഞ്ച' കാലയളവിൽ 2228 മെട്രിക് ടൺ നെൽവിത്ത് സൗജന്യമായി വിതരണം ചെയ്യുകയുണ്ടായി. ടി പദ്ധതിയുടെ പ്രയോജനം 22993 ഹെക്ടർ നെൽകൃഷി സ്ഥലത്ത് ലഭിച്ചിട്ടുണ്ട്.<br>ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിൽ (ആർ.ഐ.ഡി.എഫ്) ഉൾപ്പെടുത്തി പാടശേഖരങ്ങളിൽ 14 താത്ക്കാലിക സംഭരണശാലകൾ നിർമ്മിച്ചു.<br>ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി 2009-10 വർഷത്തിൽ അധികമായി 1199 ഹെക്ടർ തരിശു പാടങ്ങളിൽ കൃഷിയിറക്കി.<br>50 പവർ ടില്ലുകൾ, കൃഷിക്കാർക്കായി വാങ്ങി. 50 കൊയ്ത്തുമെതിയന്ത്രങ്ങളും ട്രാക്ടറുകളും ഉടൻതന്നെ ലഭ്യമാക്കും. |
| ബി) പ്രസ്തുത സ്ഥലത്ത് നെല്ലുത്പാദനം വർദ്ധിപ്പിക്കാനും യന്ത്രവൽക്കരണത്തിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കും ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; | ബി) ഓണാട്ടുകരയിലെ 'ഒന്നാം വിള നെൽകൃഷി' വികസനത്തിനായി 12 കോടി രൂപയുടെ ഒരു പദ്ധതി 'ഓണാട്ടുകര വികസന ഏജൻസി' മുഖാന്തിരം നടപ്പിലാക്കിവരുന്നു. |

———

'സീഡ് വില്ലേജ്' പദ്ധതിയിൽ ഉൾപ്പെടുത്തി പന്തളത്തും മാവേലിക്കരയിലും ഓരോ വിത്ത് സംസ്കരണ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഈ മേഖലയിലെ നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് കേരള കാർഷിക സർവ്വകലാശാല മുഖേന നടപ്പിലാക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പാക്കേജ് മുഖാന്തിരം 50 കൊയ്ത്തുമെതിയന്ത്രങ്ങളും 50 ട്രാക്ടറുകളും ഉടനടി കർഷകർക്ക് ലഭ്യമാക്കുന്നതാണ്.

സി.ഡി.ബ്ലോക്ക്, റാണി ചിത്തിര, കായലുകൾ വഴിയുള്ള നീരൊഴുക്കു സുഗമമാക്കി വെള്ളപ്പൊക്ക നിയന്ത്രണ സംവിധാനം പ്രാവർത്തികമാക്കുന്നതിനുള്ള പദ്ധതി ടെൻഡർ ചെയ്തു. ഇതിന്റെ അടിത്തറ നിർമ്മാണം പൂർത്തിയായി. തുടർ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

25 പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ടെൻഡർ കഴിഞ്ഞു.

നാളികേര വികസന ബോർഡ് വഴി അപ്പർ കുട്ടനാട്ടിൽ 500 ഹെക്ടർ സ്ഥലത്ത് തെങ്ങിൻ തൈകൾ വിതരണം ചെയ്തു. കൂടാതെ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഹെക്ടർ ഒന്നിന് 17500 രൂപ നിരക്കിൽ ധനസഹായം നൽകി.

'സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ' മുഖാന്തിരം പത്തനംതിട്ട ജില്ലയിലെ 3057 ഉം ആലപ്പുഴ ജില്ലയിലെ 367 ഉം കോട്ടയം ജില്ലയിലെ 401 ഉം കർഷകർക്ക് വാഴ, കൈതച്ചക്ക, കൊക്കോ, ജാതി, കുരുമുളക്, അലങ്കാര പുഷ്പങ്ങൾ മുതലായവ കൃഷി ചെയ്യുന്നതിന് ധനസഹായം നൽകി.

കോട്ടയം ജില്ലയിലെ 'കോഴയിൽ' ആധുനിക വിത്തുസംസ്കരണ കേന്ദ്രം സ്ഥാപി ക്കുന്നതിനും പത്തനംതിട്ട 'കൃഷിവിജ്ഞാന കേന്ദ്രത്തിൽ' കൂൺ ഉത്പാദന യൂണിറ്റ് തുടങ്ങുന്നതിനും ദേശീയ ഹോർട്ടികൾച്ചർ മിഷന്റെ സാമ്പത്തിക സഹായത്തോടെ പഴങ്ങളുടെയും പച്ചക്കറികളുടെയും സഞ്ചരിക്കുന്ന ചെറുകിട വിപണനശാലകൾ തുടങ്ങുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

നെൽകൃഷി, തെങ്ങുകൃഷി, സമ്മിശ്രകൃഷി എന്നിവയിൽ നൂതന സാങ്കേതിക മാർഗ്ഗങ്ങൾ അവലംബിച്ച് ഉത്പാദന വർദ്ധനവ് ലഭ്യമാക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾ കേരള കാർഷിക സർവ്വകലാശാല വഴി നടപ്പിലാക്കി കൊണ്ടിരിക്കുന്നു.

മൃഗസംരക്ഷണ വകുപ്പു മുഖാന്തിരം ഇതുവരെ കർഷകർക്കായി 1333 പശുക്കളെ വിതരണം ചെയ്തു. 500 കിടാരികളെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുകയും 70,000 പശുക്കൾക്ക് സൗജന്യ ക്രിത്രിമ ബീജസങ്കലനം നടത്തുകയും ചെയ്തു.

കർഷകർക്ക് 23,000 ആടുകളെ വിതരണം ചെയ്യാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

കുട്ടനാട്ടിലെ താറാവുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി.

നിരണം താറാവ് വളർത്തൽ കേന്ദ്രത്തിലെ പ്രവർത്തനശേഷി വർദ്ധിപ്പിച്ചു.

40 പാടശേഖരങ്ങളിലെ 602 ഹെക്ടർ സ്ഥലത്ത് മത്സ്യകൃഷി നടത്തുന്നതിനായി 28 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെയും 27,500 ചെമ്മീൻ കുഞ്ഞുങ്ങളെയും വിതരണം ചെയ്തു. 1384 കൃഷിക്കാർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

സ്വയം സഹായ സംഘങ്ങൾ മുഖേന ഗ്രൂപ്പ് അടിസ്ഥാനത്തിൽ 75000 കരിമീൻ കുഞ്ഞുങ്ങളെ ശേഖരിച്ച് സംരക്ഷിക്കുന്നതിനായി 750 മത്സ്യക്കൂടുകൾ വിതരണം ചെയ്തു.

ജലാശയങ്ങളിൽ നിന്നും കുളവാഴ നിർമ്മാർജ്ജനം ചെയ്യുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തകഴി പഞ്ചായത്തിലെ ആറാട്ടുതോട്, തെന്നടി തോട്, പള്ളിത്തോട്, പതാരംതോട്, കോടം തുരുത്ത് പഞ്ചായത്തിലെ കുരംബികായൽ എന്നിവ പൂർണ്ണമായും കുളവാഴ വിമുക്തമാക്കി. നീക്കം ചെയ്ത കുളവാഴ ഉപയോഗിച്ച് 8 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. മണ്ണിര കമ്പോസ്റ്റ് നിർമ്മാണത്തിൽ 200 കർഷകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. കുട്ടനാട് പാക്കേജ് ഫണ്ട് ഉപയോഗിച്ച് കുളവാഴയുടെ ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഗവേഷണം കേരള കാർഷിക സർവ്വകലാശാലയിൽ നടന്നുവരുന്നു.

വേമ്പനാട്ടു കായൽ തീരങ്ങളിൽ 50,000 കണ്ടൽ തൈകൾ വച്ചു പിടിപ്പിച്ചിട്ടുണ്ട്.

സി) ഓരോ വിഭാഗത്തിനും ഇതുവരെ എത്ര കോടി രൂപ വീതം ചെലവിട്ടുവെന്ന് വ്യക്തമാക്കുമോ ;

സി) വിവിധ കേന്ദ്ര - സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി ആകെ 3544 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 1019 കോടി രൂപയുള്ള പദ്ധതികൾക്ക് നിർവ്വഹണ അനുമതി ലഭിച്ചിട്ടുണ്ട്. വെള്ളപ്പൊക്ക നിവാരണ പദ്ധതിയിൽപ്പെടുത്തി 523 കോടി രൂപയുടേയും (ജലവിഭവ വകുപ്പു മുഖാന്തിരം) രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി 140 കോടി രൂപയുടേയും മറ്റു വിവിധ കേന്ദ്ര - സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി 56 കോടി രൂപയുടെയും പ്രവൃത്തികൾക്കും 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം 300 കോടി രൂപയുടെ പദ്ധതികൾക്കും അനുമതി ലഭിച്ചിട്ടുണ്ട്. ഇതുവരെ 72 കോടി രൂപ അനുവദിച്ചു കിട്ടുകയും അതിൽ 19 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതികൾ നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങളിലാണ്.

| മേഖല/വകുപ്പ് | വിനിയോഗിച്ച തുക (കോടിയിൽ) |
|---|---|
| കൃഷി | 7.54 |
| കേരള കാർഷിക സർവ്വകലാശാല | 2.00 |
| സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ | 1.75 |
| മൃഗസംരക്ഷണം | 4.24 |
| മത്സ്യബന്ധനം | 2.29 |
| ജലസേചനം | 0.78 |
| വനം | 0.12 |
| വിനോദ സഞ്ചാര വകുപ്പ് | 0.12 |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കിയ ശേഷം കുട്ടനാട് മേഖലയിലെ നെല്ലുത്പാദനത്തിൽ എന്തു വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | ഡി) | 2011 ഏപ്രിൽ - മെയ് മാസങ്ങളിൽ പൂർത്തിയാകുന്ന നിലവിലുള്ള പുഞ്ചകൃഷിയുടെ വിളവെടുപ്പിനു ശേഷം മാത്രമേ നെല്ലുല്പാദനത്തിലുണ്ടാകുന്ന വർദ്ധനവ് കൃത്യമായി കണക്കാക്കാൻ സാധിക്കൂ. |
| ഇ) | പദ്ധതി പൂർണ്ണമായി നടപ്പിലാക്കി കഴിയുമ്പോൾ പ്രസ്തുത മേഖലയിൽ നെല്ലുത്പാദനത്തിൽ പ്രതിവർഷം എത്ര ടണ്ണിന്റെ വർദ്ധനവ് ഉണ്ടാകും എന്നാണ് കരുതുന്നത് ? | ഇ) | നിലവിൽ കുട്ടനാട്ടിലെ നെല്ലുത്പാദനം പ്രതിവർഷം ശരാശരി 2.5 ലക്ഷം ടൺ ആണ്. കുട്ടനാട് പാക്കേജ് പ്രകാരമുള്ള പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കി കഴിയുമ്പോൾ ഇത് ഇരട്ടിയാക്കാമെന്നാണ്. അതായത് പ്രതിവർഷം 5 ലക്ഷം ടൺ ഉത്പാദനം കൈവരിയ്ക്കാമെന്നാണ് കണക്കാക്കുന്നത്. |

Ramlal

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 136

16.02.2011-ൽ മറുപടിയ്ക്ക്

## ഗ്രാമപ്രദേശങ്ങളിലെ യുവതീ യുവാക്കൾക്ക് കാർഷിക യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ.ടി. ജലീൽ<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി | **ശ്രീ. മുല്ലക്കര രത്നാകരൻ**<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ഗ്രാമപ്രദേശങ്ങളിലെ യുവതീ യുവാക്കളെ കാർഷിക യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനും, സർവീസിംഗ് നടത്തി പരിപാലിക്കുന്നതിനും, അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ള പരിശീലനം നൽകുന്നതിന് കാർഷിക സർവ്വകലാശാല ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ; | എ) കാർഷിക സർവ്വകലാശാല കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽ ഗ്രാമ പ്രദേശങ്ങിലെ യുവതീ യുവാക്കളെ കാർഷിക യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനും, സർവ്വീസിംഗ് നടത്തി പരിപാലിക്കുന്നതിനും, അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ള പരിശീലനത്തിന്റെ ഭാഗമായി 'ഭക്ഷ്യ സുരക്ഷാസേന' എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി<br>1. യന്ത്രവൽകൃത നടീലിൽ പരിശീലനം.<br>2. നെൽകൃഷിയിൽ പരിപൂർണ്ണ യന്ത്രവൽക്കരണം.<br>3. ട്രാക്ടർ പരിശീലനം<br>4. കൊയ്ത്ത് മെതി പാറ്റൽ യന്ത്രങ്ങളുടെ പരിശീലനം<br>5. യന്ത്രവൽകൃത തെങ്ങു കയറ്റ പരിശീലനം<br>6. സസ്യ സംരക്ഷണോപകരണങ്ങളുടെ പരിശീലനം<br>7. റീപ്പർ, ടില്ലർ തുടങ്ങിയവയുടെ ഉപയോഗവും സർവ്വീസിംഗും.<br>8. ചെറുകിട യന്ത്രങ്ങളുടെ ഉപയോഗം, മുതലായവയിൽ പരിശീലനം നൽകി വരുന്നുണ്ട്. |

| | | |
|---|---|---|
| | | കൂടാതെ Greeners army, coconut climbing and crown management, Garden setting army, vegetable production, Green army cadets, coconut apprenticeship training തുടങ്ങിയ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. |
| ബി) | പദ്ധതിയുടെ ഭാഗമായി എത്ര പേർക്ക് പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്; | ബി) പദ്ധതിയുടെ ഭാഗമായി 700 പേർക്ക് പരിശീലനം നൽകാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളുടെ സഹായത്തോടെ കാർഷിക സർവ്വകലാശാല മൂന്ന് വർഷത്തിനുള്ളിൽ ഒരു ലക്ഷം പേർക്ക് പരിശീലനം നൽകാനും ഓരോ പഞ്ചായത്തുകളിലും 100 പേരെ വീതം തെരഞ്ഞെടുത്ത് പരിശീലന പരിപാടികൾ നൽകാനും തീരുമാനിച്ചിട്ടുണ്ട്. |
| സി) | ഇതിനകം എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്; | സി) 1700 പേർക്ക് വിവിധ തരത്തിലുള്ള യന്ത്രങ്ങളുടെ പരിശീലനം നൽകിയിട്ടുണ്ട്. |
| ഡി) | പരിശീലനം ലഭിച്ച ഭക്ഷ്യ സുരക്ഷാ സേനാംഗങ്ങൾക്ക് കാർഷിക യന്ത്രസേവന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് സഹായം നൽകാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | ഡി) ഭക്ഷ്യ സുരക്ഷാ സേനാ പരിശീലനം കഴിഞ്ഞവർക്ക് വേണ്ടി യന്ത്രസേവനകേന്ദ്രം തുടങ്ങുന്നതിനുള്ള ഒരു നിയമാവലി കാർഷിക സർവ്വകലാശാല രൂപീകരിച്ചിട്ടുണ്ട്. ഇതിനകം 15 യന്ത്രസേവന കേന്ദ്രങ്ങൾ ജില്ലയിൽ രൂപീകൃതമായിട്ടുണ്ട്. ചാരിറ്റബിൾ സൊസൈറ്റി ആക്റ്റ് പ്രകാരമാണ്, കേന്ദ്രങ്ങൾ രജിസ്റ്റർ ചെയ്യുന്നത് . അവർക്കു വേണ്ടിയുള്ള എല്ലാ സഹായ സഹകരണങ്ങളും കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും ചേർന്ന് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

17 -ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:137

16.02.2011 - ൽ മറുപടിയ്ക്ക്

## സഹകരണ സ്ഥാപനങ്ങളിൽ കെട്ടിക്കിടക്കുന്ന തുക വൻകിട പദ്ധതികളിൽ നിക്ഷേപിക്കുന്നതിനാവശ്യമായ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>ശ്രീ. കെ.കെ.ഷാജു | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ കെട്ടിക്കിടക്കുന്ന ഒരു ലക്ഷം കോടിയിലധികം വരുന്ന തുക സംസ്ഥാനത്തിന്റെ സാമ്പത്തിക അഭിവൃദ്ധിക്കുതകുന്ന വൻകിട പദ്ധതികളിൽ നിക്ഷേപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോഎന്ന് വ്യക്തമാക്കുമോ, | (എ) സംസ്ഥാനത്തെ സഹകരണ മേഖലയിലെ നിക്ഷേപ ബാക്കി നില്പ് തുക സംസ്ഥാനത്തിന്റെ സാമ്പത്തിക അഭിവൃദ്ധിക്കുതകുന്ന വൻകിട്ട പദ്ധതികളിൽ കൂടി നിക്ഷേപിക്കുവാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ബി) ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ കാണപ്പെടുന്ന അടിസ്ഥാന സൗകര്യ വികസനമുൾപ്പടെയുള്ള വൻവികസനങ്ങൾക്ക് പ്രസ്തുത തുക ഉപയോഗിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ, ഇല്ലെങ്കിൽ പ്രസ്തുത തുക ഫലപ്രദമായി വിനിയോഗിക്കുമോ? | (ബി) സഹകരണ മേഖലയിലെ നിക്ഷേപം മറ്റ് വാണിജ്യ / പൊതു മേഖലാ ബാങ്കുകളിൽ നിന്നും വിഭിന്നമായി സംസ്ഥാനത്തിന്റെ വികസനത്തിന് തന്നെ വിനിയോഗിക്കണമെന്നാണ് സഹകരണ മേഖലയുടെ കാഴ്ചപ്പാട്. സഹകരണ മേഖലയിലെ ഫണ്ട് സഹകരണ നിയമത്തിൽ പരാമർശിച്ചിട്ടുള്ള വിധത്തിൽ നിയമ വിധേയമായി മാത്രമേ വിനിയോഗിക്കുവാൻ കഴിയുകയുള്ളു. സഹകരണ മേഖലയിലെ മിച്ചധനം സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനമുൾപ്പടെയുള്ള വൻ വികസനങ്ങൾക്ക് ഉപയോഗിക്കുന്നതിന് തടസ്സമില്ല.ആയതു പരിശോധിച്ചു വരുന്നു. എന്നാൽ സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ ബാങ്കുകൾ, അർബൻ ബാങ്കുകൾ എന്നീ സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള ധനം വൻകിട പദ്ധതികൾക്ക് വിനിയോഗിക്കണമെങ്കിൽ റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ, നബാർഡ് എന്നീ സ്ഥാപനങ്ങളുടെ കൂടി അനുവാദം ആവശ്യമായിവരും. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: *138 : 16.2.2011 ന് മറുപടിയ്ക്ക്

### *ഐ.ടി.ഐ. കളുടെ പ്രവർത്തനം*

| *ചോദ്യം.* | *ഉത്തരം* |
| --- | --- |
| ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:<br>ശ്രീ. എ. പ്രദീപ് കുമാർ:<br>ശ്രീ. ബാബു. എം. പാലിശ്ശേരി:<br>പ്രൊഫ. സി. രവീന്ദ്രനാഥ്: | ശ്രീ. പി.കെ. ഗുരുദാസൻ<br>(എക്സൈസും തൊഴിലും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ ഐ.ടി.ഐ. കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ ഐ.ടി.ഐ. കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ആഭ്യന്തര സഹായ പദ്ധതിയുടെ കീഴിൽ അഞ്ചും, ലോക ബാങ്ക് സഹായ പദ്ധതികളുടെ കീഴിൽ ഏഴും ഐ.ടി.ഐ. കളിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി നടപ്പിലാക്കി. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ഇരുപത്തിരണ്ട് ഐ.ടി.ഐ. കളുടെ സമഗ്ര നവീകരണ പദ്ധതി നടപ്പാക്കിവരുന്നു. ഇതു കൂടാതെ എട്ട് രണ്ടാം നിര ഐ.ടി.ഐ. കളെ ഒന്നാം നിരയിലേയ്ക്ക് ഉയർത്തി. ആധുനിക യന്ത്രോപകരണങ്ങൾ സംഭരിക്കുകയും ഐ.ടി.ഐ.ക്ക് ആവശ്യമായ കെട്ടിടവും മറ്റ് അടിസ്ഥാന വികസന പ്രവർത്തനങ്ങളും നടത്തി. തുടർച്ചയായി എല്ലാ വർഷവും ജോബ് ഫെയർ/സ്കിൽ ഫെസ്റ്റ് എന്നിവ സംഘടിപ്പിക്കുകയും അതുവഴി 10,000-ൽ പരം പേർക്ക് തൊഴിൽ നേടാൻ അവസരം ഉണ്ടാക്കുകയും ചെയ്തു. 2008-ലെ ആൾ ഇന്ത്യാ സ്കിൽ കോംപറ്റീഷനിൽ സംസ്ഥാനത്തു നിന്നുള്ള മൂന്ന് ട്രെയിനികളെ മികച്ച ട്രെയിനികളായി തെരഞ്ഞെടുക്കുകയും സംസ്ഥാനത്തിന് സ്കിൽ ട്രെയിനിംഗിൽ ഏറ്റവും നല്ല സംസ്ഥാനം എന്ന സ്ഥാനം ലഭിക്കുകയും ചെയ്തു. |

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര ഐ.ടി.ഐ. കൾ പുതുതായി ആരംഭിച്ചു; ഇതിന്റെ ഫലമായി എത്ര പേർക്കുകൂടി പരിശീലന സൗകര്യം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ബി) ഈ സർക്കാരിന്റെ കാലത്ത് 38 പുതിയ ഐ.ടി.ഐ. കൾ അനുവദിച്ചതിൽ 36 എണ്ണം ഇതിനകം പ്രവർത്തനം ആരംഭിച്ചു. അനുവദിച്ച ഐ.ടി.ഐ. കൾ പൂർണ്ണതോതിൽ പ്രവർത്തിക്കുമ്പോൾ പ്രതിവർഷം 3,550 പേർക്ക് പുതുതായി പരിശീലനം നേടാനുള്ള അവസരം ഉണ്ടാകും.

(സി) ഐ.ടി.ഐ. കളിൽ ആധുനിക ട്രേഡുകൾ ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പരമ്പരാഗത ട്രേഡുകൾക്കു പുറമെ പതിനാറ് ആധുനിക ട്രേഡുകൾ സംസ്ഥാനത്തെ ഐ.ടി.ഐ.കളിൽ അനുവദിച്ചു നടപ്പാക്കാൻ നടപടി എടുത്തു. പുതിയ ഐ.ടി.ഐ. കൾ അനുവദിച്ചപ്പോഴും എട്ട് രണ്ടാം നിര ഐ.ടി.ഐ. കളെ ഒന്നാം നിരയായി ഉയർത്തിയ അവസരത്തിലും ആധുനിക ട്രേഡുകൾ ആരംഭിക്കുന്നതിന് പ്രാധാന്യം നൽകിയിട്ടുണ്ട്.

(ഡി) എത്ര ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്; ഈ സ്ഥാപനങ്ങൾക്ക് എന്തെല്ലാം അധിക സൗകര്യങ്ങളാണ് അനുവദിച്ചിട്ടുള്ളത്;

(ഡി) കേരളത്തിലെ ഇരുപത് ഐ.ടി.ഐ. കളെയാണ് മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളത്. ഇതിൽ അഞ്ചെണ്ണം ആഭ്യന്തര ധനസഹായത്തോടെയും ഏഴെണ്ണം ലോക ബാങ്ക് ധനസഹായത്തോടെയും എട്ടെണ്ണം പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുമാണ് മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളത്.

മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്ന ഐ.ടി.ഐ. കളിലെ തിയറി, വർക്ക്ഷോപ്പ് കെട്ടിടങ്ങൾ നൂതന സംവിധാനത്തോടെ നവീകരിക്കുകയും അത്യാധുനിക യന്ത്ര സാമഗ്രികൾ സ്ഥാപിക്കുകയും ഇൻസ്ട്രക്ടർമാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുകയും ചെയ്തുവരുന്നു. കൂടാതെ ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് സഹകരണത്തോടെ ട്രെയിനികൾക്ക് പഠനം പൂർത്തിയാക്കുന്ന മുറയ്ക്ക് ഷോപ്പ് ഫ്ലോർ ട്രെയിനിംഗ് നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) പരിശീലനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ സാധ്യത മെച്ചപ്പെടുത്തുന്നതിനുവേണ്ടി ആരംഭിച്ച ഫിനിഷിംഗ് സ്കൂളുകളുടെ പ്രവർത്തനംമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(ഇ) 2007-08 വർഷം മുതലാണ് സംസ്ഥാനത്തെ ഐ.ടി.ഐ. കളിൽ ഫിനിഷിംഗ് സ്കൂൾ പദ്ധതി നടപ്പാക്കി വരുന്നത്. ആദ്യ വർഷത്തിൽ 10 ഐ.ടി.ഐ. കളിലും 2009-10 വർഷത്തിൽ 14 ഉം ഐ.ടി.ഐ. കളിലുമായിട്ടാണ് ടി പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഇതുവരെ 1232 പേർ ഫിനിഷിംഗ് സ്കൂളുകളിൽ പരിശീലനം നേടിയിട്ടുണ്ട്. ആധുനിക തൊഴിൽ സാഹചര്യങ്ങളെ നേരിടുന്നതിനുതകുന്ന വിധത്തിലുള്ള പരിശീലന പരിപാടിയാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. വിദ്യാർത്ഥികൾക്ക് മികച്ച പ്ലേസ്മെന്റ് ലഭിക്കുന്നതിന് ടി പദ്ധതി വഴി സഹായിച്ചിട്ടുണ്ട്.

Thalha

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 139 — 16.02.2011 - ൽ മറുപടിയ്ക്ക്

### പ്രത്യക്ഷ നികുതി ബില്ലും സഹകരണ മേഖലയും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എം.മോനായി<br>ശ്രീ.വി.എൻ.വാസവൻ<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.സി.എം.ദിനേശ് മണി | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |
| (എ) കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ള പ്രത്യക്ഷ നികുതി ബിൽ സംസ്ഥാനത്തെ സഹകരണ മേഖലയെ ദോഷകരമായി ബാധിക്കുമോയെന്ന് വ്യക്തമാക്കുമോ ; | (എ) കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ള പ്രത്യക്ഷ നികുതി ബിൽ സംസ്ഥാനത്തെ സഹകരണ മേഖലയെ ദോഷകരമായി ബാധിക്കുന്നതാണ്. പ്രത്യക്ഷ നികുതിബിൽ പ്രകാരം ആദായ നികുതി നൽകേണ്ടവരുടെ പട്ടികയിൽ പ്രാഥമിക സഹകരണസംഘങ്ങളെക്കൂടി ഉൾപ്പെടുത്തിയിരിക്കുന്നു. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളും, ജീവനക്കാരുടെ വായ്പാ സംഘങ്ങളും ഉൾപ്പടെ കേരളത്തിലെ മുഴുവൻ വായ്പാ സഹകരണ സംഘങ്ങളും/ ബാങ്കുകളും 2012 ഏപ്രിൽ 1 മുതലുള്ള സാമ്പത്തിക വർഷം ആദായ നികുതി നൽകുവാൻ ബാദ്ധ്യസ്ഥരാകുന്നു. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘത്തിന്റെ നിർവ്വചനത്തിൽ പ്രസ്തുത സഹകരണ സംഘത്തിന്റെ പ്രധാന ലക്ഷ്യവും, പ്രവർത്തനവും അതിലെ അംഗങ്ങൾക്ക് കാർഷിക ആവശ്യത്തിന് സാമ്പത്തിക സഹായം നൽകലായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ പ്രവർത്തന |

പരിധി ഒരു താലൂക്കിൽ പരിമിതപ്പെട്ടുത്തിയിരിക്കണമെന്നും അവയുടെ പ്രവർത്തനം കാർഷിക ആവശ്യങ്ങൾക്കും ഗ്രാമവികസന ആവശ്യങ്ങൾക്കും ദീർഘകാല വായ്പ നൽകുന്നതായിരിക്കണമെന്ന് നിഷ്ക്കർഷിക്കുന്നു. കൂടാതെ പ്രാഥമിക സഹകരണസംഘം എന്ന നിർവചനത്തിൽ അതിലെ അംഗങ്ങളുടെ വോട്ടവകാശം കാർഷികവും, കാർഷിക അനുബന്ധ പ്രവർത്തികളും, ചെയ്യുന്ന അംഗങ്ങൾക്ക് മാത്രമായി നിയമാവലിയിൽ പരിമിതപ്പെടുത്തിയിട്ടുള്ള സംഘങ്ങൾ എന്നും നിഷ്കർഷിക്കുന്നു. ഇക്കാരണങ്ങളാൽ കേരളത്തിലെ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ/ ബാങ്കുകൾക്ക് പ്രത്യക്ഷ നികുതി ബില്ലിലെ വ്യവസ്ഥകൾ ദോഷകരമായി ബാധിക്കുന്നതാണ്.

(ബി) സഹകരണമേഖലയ്ക്ക് ആദായ നികുതി ചട്ടം ബാധകമാക്കുന്നതോടെ സംസ്ഥാനത്തെ സഹകരണസംഘങ്ങൾ മുപ്പത് ശതമാനം വരെ ആദായ നികുതി നൽകേണ്ടി വരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രത്യക്ഷ നികുതി ബിൽ നടപ്പിലാക്കുന്നതോടെ ആദായനികുതി നിയമത്തിലെ 80(പി) വകുപ്പ് അനുസരിച്ച് സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് അനുവദിച്ചിരുന്ന ആദായ നികുതി ഇളവ് ഇല്ലാതാകുകയും അടുത്ത വർഷം മുതൽ കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങളും, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളും, എംപ്ലോയീസ് സഹകരണ സംഘങ്ങളും ഉൾപ്പടെ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ആദായ നികുതി നൽകേണ്ടി വരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സഹകരണസംഘങ്ങൾ നൽകുന്ന ഏതെല്ലാം വായ്പകൾക്ക് പ്രസ്തുത ബില്ലിൽ നികുതി ഇളവ് അനുവദിച്ചിട്ടുണ്ട് ;

(സി) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളും, കൃഷി അനുബന്ധ ആവശ്യങ്ങൾക്ക് നൽകുന്ന വായ്പകളിലെ വരുമാനത്തിന് പൂർണ്ണമായും ആദായ നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. കാർഷികേതര മേഖലയിലെ

പ്രവർത്തനങ്ങൾക്കായി നൽകുന്ന വായ്പയിലെ വരുമാനത്തിൽ ഒരു ലക്ഷം രൂപയ്ക്ക് മേലുള്ള തുകയാണ് ആദായ നികുതി വിധേയമാക്കിയിരിക്കുന്നത്. അംഗങ്ങൾക്ക് കാർഷികോപകരണങ്ങൾ, വിത്ത്, വളർത്തുമൃഗങ്ങൾ വാങ്ങുന്നതിനായി നൽകിയിട്ടുള്ള വായ്പകൾ, കാർഷികോൽപ്പാദനത്തിനും കന്നുകാലി പരിപാലനം, കോഴി വളർത്തൽ എന്നിവയ്ക്ക് നൽകിയിട്ടുള്ള വായ്പകൾ മത്സ്യബന്ധനം, സംസ്കരണം, വിപണനം എന്നിവയ്ക്കും അതിലേയ്ക്ക് ആവശ്യമായി വരുന്ന ഉപകരണങ്ങൾ വാങ്ങുവാനും അംഗങ്ങൾക്ക് നൽകിയിട്ടുള്ള വായ്പകൾക്കും നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ സഹകരണ മേഖലയെ ദോഷകരമായി ബാധിക്കുന്ന പ്രസ്തുത നിയമനിർമ്മാണം സംബന്ധിച്ച ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിക്കുമോ ?

(ഡി) ഈ വിഷയം പാർലമെന്റിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നതിനും, കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുമായി സംസ്ഥാനത്തു നിന്നുള്ള എം.പി.മാരുടെ കോൺഫറൻസിൽ ചർച്ച ചെയ്യുന്നതിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 140 16.02.2011-ൽ മറുപടിയ്ക്ക്

മുഴുവൻ ജില്ലകളും സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലകളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. ബാബു പോൾ<br>ശ്രീ. കെ. അജിത്<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ | ശ്രീ.എ.കെ.ബാലൻ<br>(പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര ജില്ലകൾ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്, അവ ഏതെല്ലാം ; | (എ) പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകൾ സമ്പൂർണ്ണമായി വൈദ്യുതീകരിച്ച ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്.<br>എറണാകുളം, ആലപ്പുഴ എന്നീ ജില്ലകൾ 2011 ഫെബ്രുവരി 20-ാം തീയ്യതി സമ്പൂർണ്ണ വൈദ്യുതീകൃത ജില്ലകളായി പ്രഖ്യാപിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. |
| (ബി) സംസ്ഥാനത്തെ മുഴുവൻ ജില്ലകളും സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലകളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ബി) സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.<br>60 മണ്ഡലങ്ങൾ ഇതുവരെയായി സമ്പൂർണ്ണമായി വൈദ്യുതീകരിച്ചിട്ടുണ്ട്. ഫെബ്രുവരി 20 ഓട് കൂടി 76 മണ്ഡലങ്ങളുടെ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാവും. മാർച്ച് മാസം അവസാനത്തോടു കൂടി സംസ്ഥാനത്ത് നൂറ് മണ്ഡലങ്ങളെങ്കിലും സമ്പൂർണ്ണ വൈദ്യുതീകൃതമാക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 141. | 16.02.2011-ൽ മറുപടിക്ക്

കശുവണ്ടിത്തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ. ശക്തൻ<br>ശ്രീ.എം.എ.വാഹീദ്<br>ശ്രീ. ജി. കാർത്തികേയൻ<br>ശ്രീ. കെ. ബാബു | ശ്രീ. പി. കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ കശുവണ്ടിത്തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) കശുവണ്ടി വ്യവസായത്തിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി 03.01.2011ലെ സ.ഉ(കൈ) നമ്പർ 1/2011/ലേബർ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) തൊഴിലാളികളുടെ കൂലിയിൽ ഡി.എ. ലയിപ്പിക്കാൻ തീരുമാനമായിട്ടുണ്ടോ; | (ബി) സാധാരണയായി മിനിമം കൂലി പരിഷ്ക്കരിക്കുന്ന വേളയിൽ നിലവിലുള്ള ക്ഷാമബത്ത അടിസ്ഥാന വേതനത്തിൽ ലയിപ്പിച്ചാണ് വേതനം പരിഷ്കരിക്കാറുള്ളത്. അതുപോലെ കശുവണ്ടി മേഖലയിൽ വേതനം പരിഷ്ക്കരിക്കുന്നതിന് നിലവിലുണ്ടായിരുന്ന ക്ഷാമബത്ത പോയിന്റായ 15275 പോയിന്റിൽ 10850 പോയിന്റ് വരെ 2007-ൽ വേതനം പുതുക്കിയപ്പോൾ അടിസ്ഥാന വേതനത്തിൽ ലയിപ്പിച്ചിരുന്നു. ശേഷിക്കുന്ന 4425 ക്ഷാമബത്ത പോയിന്റിൽ 4000 പോയിന്റിന് തുല്യമായ 24/- രൂപ അടിസ്ഥാന വേതനത്തിൽ ലയിപ്പിച്ചു. |

(സി) ഇതു സംബന്ധിച്ച് തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തിയിരുന്നുവോ;

(സി) മിനിമം വേജസ് കമ്മിറ്റി വിവിധ സ്ഥലങ്ങളിൽ തെളിവെടുപ്പ് നടത്തുന്ന അവസരത്തിൽ വ്യക്തികൾ, സംഘടനകൾ എന്നിവരിൽ നിന്നും തെളിവ് ശേഖരിക്കാറുണ്ട്. എന്നാൽ കൂലിയിൽ ഡി.എ. ലയിപ്പിക്കുന്നത് സംബന്ധിച്ച് തൊഴിലാളി സംഘടനകളുമായി പ്രത്യേക ചർച്ചയൊന്നും നടത്തിയിട്ടില്ല.

(ഡി) ഇത്തരത്തിൽ തൊഴിലാളികളുടെ കൂലിയിൽ ഡി.എ. ലയിപ്പിക്കുന്നതിനെതിരെ തൊഴിലാളി സംഘടനകൾ നൽകിയ നിവേദനങ്ങളിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്;

(ഇ) പ്രസ്തുത ആവശ്യം അംഗീകരിക്കുന്നതിന് തയ്യാറാകുമോ?

(ഡി) & (ഇ) കശുവണ്ടി തൊഴിലാളികളുടെ വേതന പരിഷ്ക്കരണവുമായി ബന്ധപ്പെട്ട നിവേദനങ്ങളാണ് കമ്മിറ്റിക്ക് പ്രധാനമായും ലഭിച്ചിരുന്നത്. എന്നാൽ വേതനത്തിൽ ക്ഷാമബത്ത ലയിപ്പിക്കുന്നത് സംബന്ധിച്ച് ഐ.എൻ.റ്റി.യു.സി പ്രതിനിധിയും കമ്മിറ്റിയിലെ അംഗവുമായ ശ്രീ. വി. സത്യശീലനിൽ നിന്നും പരാതി ലഭിച്ചിരുന്നു. കമ്മിറ്റിക്ക് ലഭ്യമായ തെളിവുകൾ പരിശോധിച്ച അവസരത്തിൽ ടിയാന്റെ നിവേദനം പരിശോധനാവിധേയമാക്കിയിരുന്നു. 03.01.2011-ൽ കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവായ ശേഷം ഇതേ ആവശ്യം മുൻനിർത്തി 05.01.2011 തീയതിയായുള്ള ഒരു നിവേദനം ശ്രീ. സത്യശീലനിൽ നിന്നും ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 142 — 16.02.2011-ൽ മറുപടിയ്ക്ക്

## നഗര പ്രദേശങ്ങളിലെ വീടുകളിൽ കൃഷിത്തോട്ടം

| *ചോദ്യം* | | *മറുപടി* | |
|---|---|---|---|
| ശ്രീ. ജോർജ് മേഴ്സിയർ :<br>" കെ. ശിവദാസൻ നായർ : | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) | |
| (എ) | നഗര പ്രദേശങ്ങളിലെ വീടുകളിൽ കൃഷിത്തോട്ടം നിർമ്മിക്കാനായി പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) | നഗര പ്രദേശങ്ങളിലെ വീടുകളിൽ കൃഷിത്തോട്ടം നിർമ്മിക്കാനായി "ഹരിതനഗരി" എന്ന ഒരു പദ്ധതി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം മുഖാന്തരം 2005 മുതൽ നടപ്പാക്കിവരുന്നുണ്ട്. ഇതു കൂടാതെ ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി നഗരപ്രദേശങ്ങളിലെ വീടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. |
| (ബി) | ഏതൊക്കെ സംഘടനകളുടേയും സ്വകാര്യ ഏജൻസികളുടേയും സഹായവും സഹകരണങ്ങളുമാണ് ഇക്കാര്യത്തിൽ ലഭ്യമാക്കിയിട്ടുള്ളത് എന്ന് അറിയിക്കുമോ; | (ബി) | ഹരിതനഗരി പദ്ധതി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം നേരിട്ടാണ് നടപ്പിലാക്കുന്നത്. കേരള സ്റ്റേറ്റ് സീഡ് ഡവലപ്മെന്റ് അതോറിറ്റിയുടേയും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെയും സഹായ സഹകരണങ്ങളോടെയാണ് ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായുള്ള ഈ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നത്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ ഏതൊക്കെ നഗരങ്ങളിലാണ് ഇത്തരം പുതിയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശി-ക്കുന്നത്; | (സി) | ഈ പദ്ധതി തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ 5 നഗരസഭകളിലാണ് നടപ്പിലാക്കി വരുന്നത്. |
| (ഡി) | ഈ പദ്ധതിക്കായി വകുപ്പ് എന്തൊക്കെ സാങ്കേതിക സഹായങ്ങളും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കി വരുന്നു എന്നറിയി-ക്കുമോ; | (ഡി) | ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് സംസ്ഥാനത്തെ അഞ്ച് നഗരസഭ മേഖലകളിൽ 50,000 കിറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയുണ്ടായി. 15 കിലോഗ്രാം വെർമി കമ്പോസ്റ്റ്, പച്ചക്കറി വിത്തുകൾ, ഒരു ചെറിയ കാർഷികോപകരണം എന്നിവ വീതം അടങ്ങിയ കിറ്റുകൾ വിതരണം ചെയ്യുതിന് 100 ലക്ഷം രൂപ ചെലവായിട്ടുണ്ട്. കൂടാതെ 4.6 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പാക്കുന്ന നഗരസഭകൾ ഉൾപ്പെട്ട അഞ്ച് ജില്ലകളിലായി 10 രൂപ നിരക്കിൽ 46,000 വിത്ത് പാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു.<br>കൂടാതെ വി.എഫ്.പി.സി.കെ. പച്ചക്കറിത്തോട്ടം പരിപാലിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്നുണ്ട്.<br>ചട്ടികളിൽ പച്ചക്കറിത്തൈകൾ നട്ടു പിടിപ്പിച്ച് ഗുണഭോക്താവിന്റെ വീട്ടു മുറ്റത്തോ ടെറസ്സിലോ എത്തിച്ച് കൃത്യമായ അകലത്തിലും ആവശ്യത്തിന് സൂര്യപ്രകാരം കിട്ടുന്ന രീതിയിലും സ്ഥാപിച്ച് നൽകുന്നതിനുള്ള സഹായവും കൗൺസിൽ നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഇതിനായി എന്തു തുകയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്; | (ഇ) | ഈ പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷം കൃഷി വകുപ്പ് നാളിതുവരെ 104.6 ലക്ഷം രൂപ ചെലവഴിക്കുകയും വി.എഫ്.പി.സി.കെ. 4 ലക്ഷം രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നുണ്ട്. |
| (എഫ്) | ഈ പദ്ധതിയിലൂടെ ഈ വർഷം പച്ചക്കറി ഉൽപ്പാദനത്തിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാകും എന്നാണ് കണക്കാക്കുന്നത്? | (എഫ്) | ഏകദേശം 1400 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി നടപ്പിലാക്കി 25,000 ടണ്ണിൽപ്പരം പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനുദ്ദേശിക്കുന്നു.<br>"ആയിരം ജൈവ പച്ചക്കറി ഗ്രാമ" പദ്ധതിയിൻകീഴിൽ വി.എഫ്.പി.സി.കെ. 120 ടൺ ജൈവ പച്ചക്കറി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 143 16.2.2011- ൽ മറുപടിയ്ക്ക്

## കീടനാശിനി ഉപയോഗത്തിന് നിയന്ത്രണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പള്ളിപ്രം ബാലൻ :<br>ശ്രീമതി.ഇ.എസ്.ബിജി മോൾ :<br>ശ്രീ.ബാബു പോൾ :<br>ശ്രീ.രാജാജി മാത്യു തോമസ് : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(ബഹു. കൃഷി വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് കീടനാശിനി ഉപയോഗത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് വിജ്ഞാനം പുറപ്പെടുവിച്ചിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് കീടനാശിനി ഉപയോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ വിഷവീര്യം കൂടിയ ചുവപ്പ്, മഞ്ഞ ലേബലിലുള്ള കീടനാശിനികളുടെ വിൽപ്പനയും ഉപയോഗവും നിരോധിച്ചുകൊണ്ട് 2.12.2010 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.310/2010/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. കീടനാശിനികളുടെ വിൽപ്പന കൃഷി ഓഫീസറുടെ കുറിപ്പടിയോടുകൂടി മാത്രമേ നടത്താവൂ എന്ന് നിർദ്ദേശിച്ചുകൊണ്ട് 17.1.11 ലെ സ.ഉ (എം.എസ്) നം.22/2011/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ ഈ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | ബി) സർക്കാർ ഉത്തരവ് (എം.എസ്) നം.22/2011/ കൃഷി പ്രകാരം കൃഷി ഓഫീസറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ കുറിപ്പടിയോടു കൂടി മാത്രമേ കീടനാശിനി വിൽപ്പന നടത്തുവാൻ പാടുള്ളൂ. വിളയുടെ പേരും രോഗവും വ്യക്തമാക്കുകയും ഏത് കീടനാശിനി (രാസനാമം ഉൾപ്പെടെ) എത്ര അളവിൽ ഉപയോഗിക്കണമെന്നും കുറിപ്പടിയിൽ വ്യക്തമാക്കണമെന്ന് ഉത്തരവിൽ പറയുന്നുണ്ട്. കീടനാശിനി ഡിപ്പോ ഡീലർമാർ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രം |

കീടനാശിനി വിതരണം ചെയ്യേണ്ടതാണെന്നും ആയതിൻെറ വിശദാംശങ്ങൾ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശോധനയ്ക്ക് നൽകേണ്ടതാണെന്നും ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ഉത്തരവിനെതിരെ പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടി കൈക്കൊള്ളുന്നതാണെന്ന് ഉത്തരവിൽ പറയുന്നുണ്ട്.

| | | | |
|---|---|---|---|
| സി) | ഈ വ്യവസ്ഥകൾ ലംഘിക്കുന്നത് കണ്ടുപിടിക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തുനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; | സി) | സർക്കാർ ഉത്തരവ് പൂർണ്ണമായും പാലിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്തുവാൻ എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഡിപ്പോകൾ പരിശോധിച്ച് വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുന്നതിനും കൃഷി ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വ്യവസ്ഥകൾ ലംഘിക്കുന്ന ഡിപ്പോ ഡീലർമാർക്ക് എതിരെ നടപടികൾ ഉണ്ടാകും എന്ന് മുന്നറിയിപ്പ് നൽകുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഡി) | നിരോധിച്ച കീടനാശിനികൾ സംസ്ഥാനത്ത് എവിടെയെങ്കിലും വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | ഡി) | നിരോധിച്ച കീടനാശിനികൾ അയൽ സംസ്ഥാനങ്ങളിൽ നിന്ന് ഇടുക്കി ജില്ലയിലേയ്ക്ക് കടത്തിക്കൊണ്ടു വന്ന് ഉപയോഗിക്കുന്നതായി മാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടുക്കി ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം ചെക്കു പോസ്റ്റുകളിൽ പരിശോധന കർശനമാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട — 16.02.2011 - ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ 144

## സഹകരണബാങ്കുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ജോസഫ്.എം.പുതുശ്ശേരി<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.തോമസ് ചാഴികാടൻ<br>ശ്രീ.പി.സി.ജോർജ് | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയിരുന്നുവോ; വിശദാംശങ്ങൾ നൽകുമോ ; | (എ) 'സഹകരണ നവരത്നം കേരളീയം' പദ്ധതിയുടെ ഭാഗമായ 'കുടിശ്ശിക നിവാരണം ശതശതമാനം കേരളീയം 2011' പദ്ധതി സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എല്ലാ വിഭാഗം വായ്പാ സഹകരണ സംഘങ്ങളിലും/ബാങ്കുകളിലും (സംസ്ഥാന/ ജില്ലാ സഹകരണബാങ്ക് ഉൾപ്പടെ) 2011 ജനുവരി 1 മുതൽ ഫെബ്രുവരി 28 വരെ നടപ്പിലാക്കി വരുന്നുണ്ട്. ഇക്കാര്യത്തിൽ സഹകരണ സംഘം രജിസ്ട്രാർ 63/2010 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി മുഖേന തിരിച്ചടവ് മുടങ്ങിയ എത്ര കേസ്സുകളിൽ തീർപ്പ് കൽപിക്കാൻ കഴിഞ്ഞു; എത്ര തുക ആകെ പിരിച്ചെടുത്തു ; | (ബി) പ്രസ്തുത പദ്ധതിയുടെ 15.01.2011 ലെ പുരോഗതി റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 38998 കേസുകളിൽ തീർപ്പ് കൽപിച്ചിട്ടുണ്ട്. ആകെ 107.73 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. |
| (സി) പദ്ധതിയുടെ ആനുകൂല്യം കൂടുതൽ പേർക്ക് പ്രയോജനപ്പെടുത്താൻ ഉതകുന്ന വിധത്തിൽ പ്രസ്തുത പദ്ധതിയുടെ സമയപരിധി ദീർഘിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) ആലോചിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 145 — 16.2.2011 ൽ മറുപടിയ്ക്ക്

<u>നെല്ല്, പച്ചക്കറി എന്നിവയുടെ ഉൽപ്പാദനം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ. കെ. അച്ചുതൻ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. കെ. സി. ജോസഫ് : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യ സുരക്ഷാ പദ്ധതിയിൻ കീഴിൽ ഭക്ഷ്യവിളകളായ നെല്ല്, പച്ചക്കറി എന്നിവയുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പി ക്കുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികൾ കൈകൊണ്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ; | (എ) ഭക്ഷ്യ സുരക്ഷാ പദ്ധതിയിൻ കീഴിൽ ഭക്ഷ്യവിളകളായ നെല്ല്, പച്ചക്കറി എന്നിവയുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പി ക്കുവാൻ ലക്ഷ്യമിട്ട് വിവിധ ഉപപദ്ധതികൾ സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. പദ്ധതികളുടെ വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതിക്കായി ഈ സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയാണ് വകയിരുത്തിയിരുന്ന തെന്നും ഇതുവരെ എന്തു തുക ചെലവിട്ടെന്നും വെളിപ്പെടുത്തു മോ ? | (ബി) സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിക്കായി ഈ സാമ്പത്തിക വർഷം 28 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽ 2011 ജനുവരി 31-ാം തീയതി വരെ 10.37 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ ഈ സാമ്പത്തിക വർഷം നെല്ലുൽ പ്പാദനം, പച്ചക്കറി ഉൽപ്പാദനം എന്നിവയിൽ എന്ത് വർദ്ധനവ് | (സി) ഭക്ഷ്യ സുരക്ഷാ പദ്ധതി നടത്തിപ്പിലൂടെ ഈ സാമ്പത്തിക വർഷം നെല്ലുൽപ്പാദനം 8.5 ലക്ഷം ടണ്ണായും പച്ചക്കറി ഉൽപ്പാദനം |

| | | | |
|---|---|---|---|
| | വരുത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; | | 7.5 ലക്ഷം ടണ്ണായും വർദ്ധിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ഡി) | ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുമോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം ? | (ഡി) | വിളവെടുപ്പ് സമയത്ത് സംസ്ഥാനത്ത് വ്യാപകമായി കനത്ത മഴയുണ്ടായതുമൂലം പദ്ധതിലക്ഷ്യം പൂർണ്ണമായി നേടാൻ കഴിയുമോ എന്ന കാര്യത്തിൽ സംശയമുണ്ട്. ലക്ഷ്യം നേടുവാനുള്ള എല്ലാ ശ്രമങ്ങളും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം

| നം. | ഉപപദ്ധതികൾ | വകയിരുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | കരനെൽകൃഷി പ്രോത്സാഹിപ്പിക്കൽ | 300.00 |
| 2 | വനിതാ സംഘങ്ങളിലൂടെ പച്ചക്കറി കൃഷി പ്രോത്സാഹനം | 300.00 |
| 3. | വനിതാ സംഘങ്ങൾക്ക് നെൽകൃഷി ചെയ്യുന്നതിന് ധനസഹായം | 100.00 |
| 4. | ഭക്ഷ്യസുരക്ഷക്ക് വേണ്ടിയുള്ള വിജയകരമായ മോഡലുകളുടെ വ്യാപിപ്പിക്കൽ (വടക്കാഞ്ചേരി മാതൃക) | 500.00 |
| 5. | യന്ത്രവൽക്കരണ സേവന സഹായം | 150.00 |
| 6. | തൊഴിൽ സഹായ സംഘം(കെ.വി.കെ മോഡൽ) | 100.00 |
| 7 | നെൽകൃഷി, പച്ചക്കറി മേഖലകളിലെ മറ്റു പദ്ധതികളിലെ ന്യൂനത പരിഹാരത്തിന് ആവശ്യമുള്ള സഹായം | 950.00 |
| 8. | നെൽകർഷകർക്ക് മൃഗ സംരക്ഷണ മേഖലയിൽ ധനസഹായം | 250.00 |
| 9. | കാർഷിക സർവ്വകലാശാലയുടെ തിരഞ്ഞെടുത്ത കാർഷിക വിജ്ഞാന കേന്ദ്രങ്ങൾ വഴി പാർട്ടിസിപ്പേറ്ററി ടെക്നോളജി ഡവലപ്പ്മെന്റ് | 50.00 |
| 10. | മൈക്രോ ന്യൂട്രിയന്റ് ഉൾപ്പെടെയുള്ള മണ്ണുപരിശോധന വിശകലനം | 50.00 |
| 11. | നെല്ല്, പച്ചക്കറി എന്നിവയുടെ ഉല്പാദന വിവരം ശേഖരിക്കൽ | 25.00 |
| 12. | ബോധവൽക്കരണം, പ്രചാരണം | 25.00 |
| | **ആകെ** | **2800.00** |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ: 146

16.02.2011 - ൽ
മറുപടിയ്ക്ക്

## കൃഷിഭവനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ടി. ജലീൽ<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. ജോർജ്ജ് എം. തോമസ് | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |
| (എ) കൃഷിഭവനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) കർഷക അദാലത്തുകൾ, അഗ്രോ ക്ലിനിക്കുകൾ, നാട്ടുക്കൂട്ടങ്ങൾ, കർഷകർക്കായുള്ള ടോൾ ഫ്രീ നമ്പർ, പുന:സംഘടിപ്പിച്ച കാർഷിക ഉപദേശകസമിതികൾ എന്നീ നടപടികൾ മുഖേന കൃഷി ഭവന്റെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ട്. |
| (ബി) കൃഷിഭവൻ മുഖേന ഇപ്പോൾ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത്; | (ബി) 2010-11-ൽ കൃഷി ഭവൻ വഴി നടപ്പാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) കാർഷിക വിജ്ഞാനം ജനങ്ങളിൽ എത്തിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) കാർഷിക വിജ്ഞാനം ജനങ്ങളിലെത്തിക്കുന്നതിന് താഴെ പറയുന്ന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. |

(a) കൃഷി ഭവനുകൾ വഴി നടപ്പാക്കുന്ന വിജ്ഞാനവ്യാപന പരിപാടികൾ.

(b) 'ആത്മ' പദ്ധതികളിൽപ്പെടുത്തി നടത്തിവരുന്ന പരിശീലന പരിപാടികൾ.

(c) ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ കേരള കർഷകൻ, ഹരിതദളം, ലഘുലേഖകൾ, ബുക്കുകൾ എന്നീ പ്രസിദ്ധീകരണങ്ങളിൽക്കൂടി കർഷകരേയും ജനങ്ങളേയും ബോധവൽക്കരിക്കുന്നു.

(d) കിസാൻ കൃഷി ദീപം, നൂറു മേനി എന്നീ ദൃശ്യമാദ്ധ്യമ പരിപാടികളിൽക്കൂടി നൂതന കൃഷിരീതികളും അനുഭവകഥകളും കർഷകർക്ക് എത്തിക്കുന്നു.

e) കൃഷി വകുപ്പ് മുഖേന നടത്തിവരുന്ന ശില്പശാലകൾ, സെമിനാറുകൾ, നാട്ടുക്കൂട്ടങ്ങൾ, പ്രദർശനങ്ങൾ, കർഷകസംഗമങ്ങൾ എന്നിവയിലൂടെയും പദ്ധതി വിശദാംശങ്ങൾ ജനങ്ങളിൽ എത്തിക്കുന്നു.

| | |
|---|---|
| (ഡി)കൃഷിഭവൻ മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ കർഷകരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) കർഷക പങ്കാളിത്തത്തോടെയാണ് നാളിതുവരെ വകുപ്പിലെ പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്. തുടർന്നും പ്രസ്തുത നയം തന്നെ സ്വീകരിക്കുന്നതാണ്. |

(a) കൃഷി ഭവനുകൾ വഴി നടപ്പാക്കുന്ന വിജ്ഞാനവ്യാപന പരിപാടികൾ.

(b) 'ആത്മ' പദ്ധതികളിൽപ്പെടുത്തി നടത്തിവരുന്ന പരിശീലന പരിപാടികൾ.

(c) ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ കേരള കർഷകൻ, ഹരിതദളം, ലഘുലേഖകൾ, ബുക്കുകൾ എന്നീ പ്രസിദ്ധീകരണങ്ങളിൽക്കൂടി കർഷകരേയും ജനങ്ങളേയും ബോധവൽക്കരിക്കുന്നു.

(d) കിസാൻ കൃഷി ദീപം, നൂറു മേനി എന്നീ ദൃശ്യമാദ്ധ്യമ പരിപാടികളിൽക്കൂടി നൂതന കൃഷിരീതികളും അനുഭവകഥകളും കർഷകർക്ക് എത്തിക്കുന്നു.

e) കൃഷി വകുപ്പ് മുഖേന നടത്തിവരുന്ന ശില്പശാലകൾ, സെമിനാറുകൾ, നാട്ടുക്കൂട്ടങ്ങൾ, പ്രദർശനങ്ങൾ, കർഷകസംഗമങ്ങൾ എന്നിവയിലൂടെയും പദ്ധതി വിശദാംശങ്ങൾ ജനങ്ങളിൽ എത്തിക്കുന്നു.

(ഡി)കൃഷിഭവൻ മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ കർഷകരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കർഷക പങ്കാളിത്തത്തോടെയാണ് നാളിതുവരെ വകുപ്പിലെ പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്. തുടർന്നും പ്രസ്തുത നയം തന്നെ സ്വീകരിക്കുന്നതാണ്.

—–

(ഇ) ഈ സർക്കാർ വന്നശേഷം പുതുതായി കൃഷി ഭവനുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 29.12.2008-ലെ ജി.ഒ. (എം.എസ്.) നം:221/2008/എഡി പ്രകാരം 8 കൃഷി ഭവനുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്.

അവ ഇപ്രകാരമാണ്.

കുമ്മിൾ, ചിറക്കര (കൊല്ലം ജില്ല) കോരുതോട് (കോട്ടയം) ദേവികുളം (ഇടുക്കി), തെങ്കര (പാലക്കാട്), കാലടി, മുതുവല്ലൂർ (മലപ്പുറം), കട്ടിപ്പാറ(കോഴിക്കോട്).

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

# പന്ത്രണ്ടാം കേരള നിയമസഭ
# പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 147 16.02.2011 ൽ മറുപടിക്ക്

## <u>പ്രാഥമിക സഹകരണ സംഘങ്ങളുടെ കീഴിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ. എൻ. രാജൻ**<br>**ശ്രീമതി. ഇ.എസ്. ബിജി മോൾ**<br>**ശ്രീ. രാജാജി മാത്യു തോമസ്**<br>**ശ്രീ. കെ. രാജു** | **ശ്രീ. ജി. സുധാകരൻ**<br>**(സഹകരണവും കയറും വകുപ്പുമന്ത്രി)** |
| എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ പ്രാഥമിക സഹകരണ സംഘങ്ങളെ അനുവദിക്കണമെന്ന ശുപാർശയുണ്ടായിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ചു പഠിക്കാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ വിദ്യാഭ്യാസ സഹകരണ സംഘങ്ങളെ അനുവദിക്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. സ്ഥലം, കെട്ടിടം ജീവനക്കാരുടെ ശമ്പളം തുടങ്ങിയ ബാദ്ധ്യതകൾ സഹകരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്തു കൊണ്ടും, നിയന്ത്രണവും ഇടപെടാനുള്ള സ്വാതന്ത്ര്യവും സർക്കാരിൽ നിലനിർത്തിക്കൊണ്ടും, വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്ക് സ്വാശ്രയ കോളേജുകൾ തുടങ്ങാൻ അനുമതി നൽകേണ്ടതും, സഹകരണ സർവ്വകലാശാല രൂപീകരിക്കുന്ന മുറയ്ക്ക് സ്വാശ്രയ സഹകരണ കോളേജുകൾ പ്രസ്തുത സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെടേണ്ടതുമാണെന്ന നിർദ്ദേശം, വിദ്യാഭ്യാസ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ നിയമിച്ച കമ്മിറ്റി, സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.<br>പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. |
| ബി) ഈ സമിതിയുടെ റിപ്പോർട്ടിലെ മറ്റു പ്രധാന ശുപാർശകൾ എന്തെല്ലാം; ഈ ശുപാർശകളിന്മേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ? | ബി) പ്രസ്തുത സമിതിയുടെ റിപ്പോർട്ടിലെ മേൽ പ്പറഞ്ഞതിന് പുറമേയുള്ള മറ്റു പ്രധാന നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. സഹകരണ മേഖലയിൽ ഒരു യൂണിവേഴ്സിറ്റി കേരളത്തിലും രൂപീകരിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്. ഇതിൽ CAPE ന്റെ കീഴിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടക്കം ഉൾക്കൊള്ളിക്കുന്ന കാര്യം പരിശോധിക്കേണ്ടതാണ്. ഇതിനായി അടിയന്തിരമായി ഒരു സ്പെഷ്യൽ |

ഓഫീസറെ നിയമിക്കേണ്ടതാണ്.

2. സഹകരണ വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപക/അനദ്ധ്യാപകർക്ക് നിർദ്ദേശിക്കപ്പെട്ട പ്രകാരം പ്രത്യേക ശമ്പള സ്കെയിലുകൾ നൽകിയും, സഹകരണ ചട്ടം അപ്പൻഡിക്സ് III -ൽ ഉൾപ്പെടുത്തിയും വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്.
3. സാമൂഹിക പ്രതിബദ്ധതയും, ഗവൺമെന്റ് നിയന്ത്രണവുമുള്ള സ്ഥാപനങ്ങളെന്ന നിലയ്ക്ക് ഒരു മെച്ചപ്പെട്ട വിദ്യാഭ്യാസ ഏജൻസിയായി വിദ്യാഭ്യാസ സഹകരണ സ്ഥാപനങ്ങളെ അംഗീകരിക്കുകയും, സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് എന്ന പട്ടികയിൽ സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തേണ്ടതാണ്.
4. സഹകരണ മേഖലയിലെ സ്ഥാപനങ്ങൾക്ക് സഹകരണ സർവ്വകലാശാല രൂപീകരിക്കുന്നതുവരെ ഒരേ കോഴ്സിന് പഠിക്കുന്നവർക്ക് റഗുലർ/പാരലൽ വ്യത്യാസമില്ലാതെ ഒരേ സിലബസും ചോദ്യപേപ്പറും പരീക്ഷയും നടത്തേണ്ടതാണ്. ഗവൺമെന്റ് തലത്തിൽ ഇതിനുവേണ്ടി സർവ്വകലാശാലകളിൽ ഇടപെടൽ നടത്തേണ്ടതുണ്ട്. ഒരു അംഗീകൃത ഏജൻസി ഇന്റേണൽ അസസ്മെന്റ് നടത്തുന്ന സംപ്രദായം കൊണ്ടുവരേണ്ടതാണ്.
5. നിലവിൽ, 24.03.1982-ലെ ജി.ഒ.(എം.എസ്) നമ്പർ.116/82/എ.ഡി ഉത്തരവ് പ്രകാരം, വിദ്യാഭ്യാസ സംഘങ്ങൾക്ക് അനുവദനീയമായ സർക്കാർ ധനസഹായം പരമാവധി 5 ലക്ഷം രൂപ ഓഹരി മൂലധനമെന്നത്, 25 ലക്ഷം രൂപയായും മാനേജിരിയൽ സബ്സിഡി ഒരു ലക്ഷം രൂപയായും വർദ്ധിപ്പിക്കേണ്ടതാണ്.
6. ആസ്തിയുള്ള സ്ഥാപനങ്ങൾക്ക് അതു ഈട് വച്ച് പ്ലാൻ ഫണ്ടിൽ നിന്നും വായ്പാ ധനസഹായമായി (സബ്സിഡി/ഗ്രാന്റ് 60:40 അനുപാതത്തിൽ) സംഘങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.
7. ആസ്തിയുള്ള സഹകരണ വിദ്യാഭ്യാസ സംഘങ്ങൾ ആസ്തി ഈട് വച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിപുലീകരണത്തിനായി എൻ.സി.ഡി.സി യിൽ നിന്നും സർക്കാർ വായ്പ ലഭ്യമാക്കേണ്ടതാണ്.

8. കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ, യൂണിവേഴ്സിറ്റി, വിദൂര വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ നടത്തുന്ന പരീക്ഷ കേന്ദ്രങ്ങളും സ്റ്റഡി സെന്ററുകളുമായി സഹകരണ മേഖലയിലെ അടിസ്ഥാന സൗകര്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ അംഗീകരിക്കുക.
9. പുതിയ വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ ആരംഭിക്കുമ്പോൾ, അനാരോഗ്യകരമായ മത്സരം ഒഴിവാക്കുന്നതിലേക്കായി അവയുടെ സാദ്ധ്യതയും പ്രവർത്തന പരിധിയും നിശ്ചയിക്കേണ്ടതാണ്.
10. പല സംഘങ്ങൾക്കും വ്യത്യസ്ഥമായ നിയമാവലിയും പ്രവർത്തന സ്വഭാവവുമുള്ളതിനാൽ സംസ്ഥാനത്തെ സഹകരണ വിദ്യാഭ്യാസ സംഘങ്ങൾക്ക് പൊതുവായ ഒരു മാതൃകാ നിയമാവലിക്ക് രൂപം നൽകേണ്ടതാണ്.
11. വിദ്യാഭ്യാസ സഹകരണ സംഘങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് അനുയോജ്യമായ സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കുകയും മറ്റു സഹകരണ സംഘം ജീവനക്കാരെപ്പോലെ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം.
12. വിദ്യാഭ്യാസ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ഏകീകൃത സേവന വേതന വ്യവസ്ഥകൾ നടപ്പാക്കണമെങ്കിൽ, സംഘങ്ങളെ അവയുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്ലാസിഫൈ ചെയ്യേണ്ടതാണ്. (അഞ്ച് ഗ്രേഡുകളായി ക്ലാസി ഫൈ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ, ജീവനക്കാർക്ക് നൽകാവുന്ന ശമ്പള സ്കെയിൽ, ഗ്രേഡുകൾ എന്നിവ സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങളും സമിതി സമർപ്പിച്ചിട്ടുണ്ട്.

സമിതി സമർപ്പിച്ച മേൽ നിർദ്ദേശങ്ങൾ പരിശോധിച്ചു വരുന്നു.

Rajendran

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 148 — 16.02.2011-ൽ മറുപടിയ്ക്ക്

## സമ്പൂർണ്ണമായി വൈദ്യുതീകരിക്കപ്പെട്ട ജില്ലകൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി. സി. ജോർജ്<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>ശ്രീ. തോമസ് ചാഴിക്കാടൻ | ശ്രീ.എ.കെ.ബാലൻ<br>(പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ലക്ഷ്യം എത്രത്തോളം വിജയകരമായി നടപ്പാക്കാൻ സാധിച്ചുവെന്ന് വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ 60 മണ്ഡലങ്ങളിൽ ഇതിനകം സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്.<br>ആലപ്പുഴ, എറണാകുളം ജില്ലകളുടെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം ഫെബ്രുവരി 20ന് നിർവ്വഹിച്ചിരിക്കുകയാണ്.<br>ഫെബ്രുവരി 20 ഓടുകൂടി 76 മണ്ഡലങ്ങളുടെ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാകും. |
| (ബി) സമ്പൂർണ്ണമായി വൈദ്യുതീകരിക്കപ്പെട്ട ജില്ലകൾ ഏതെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ; | (ബി) പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളാണ് സമ്പൂർണ്ണമായി വൈദ്യുതീകരിക്കപ്പെട്ടിട്ടുള്ള ജില്ലകൾ.<br>എറണാകുളം, ആലപ്പുഴ ജില്ലകളുടെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം 2011 ഫെബ്രുവരി 20-ാം തീയ്യതി നടക്കാനിരിക്കുകയാണ്. |
| (സി) മലയോര ജില്ലകളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിയ നിയോജകമണ്ഡലങ്ങൾ ഏതെല്ലാമാണ് ? | (സി) മലയോര ജില്ലയായ പത്തനംതിട്ടയിലെ അടൂർ, കല്ലൂപ്പാറ, ആറൻമുള എന്നീ നിയോജക മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്. |

പാലക്കാട് ജില്ലയിലെ മണ്ഡലങ്ങൾ (തൃത്താല, പട്ടാമ്പി, ഒറ്റപ്പാലം, ശ്രീകൃഷ്ണപുരം, മണ്ണാർക്കാട്, മലമ്പുഴ, പാലക്കാട്, ചിറ്റൂർ, കൊല്ലങ്കോട്, കുഴൽമന്ദം, ആലത്തൂർ) എല്ലാം തന്നെ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയായിട്ടുള്ളവയാണ്.

S. Malathy

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 149 — 16.02.2011 ൽ മറുപടിക്ക്

**കർഷകർക്ക് സഹകരണ ബാങ്കുകൾ കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കാൻ നടപടി**

**ചോദ്യം**

ശ്രീ. ജോർജ് എം. തോമസ്
ശ്രീ. ബാബു എം. പാലിശ്ശേരി
ശ്രീ. ബി.ഡി. ദേവസ്സി
ശ്രീ. പി. കൃഷ്ണപ്രസാദ്

എ) സഹകരണ ബാങ്കുകൾ കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

**മറുപടി**

ശ്രീ. ജി. സുധാകരൻ
(സഹകരണവും കയറും വകുപ്പുമന്ത്രി)

എ)
1. കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ കുറഞ്ഞ പലിശ നിരക്കിലും സുഗമമായും വിതരണം ചെയ്യുന്നതിന് സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ആയത് വിലയിരുത്തുകയും ചെയ്തു വരുന്നു.

2. ഹ്രസ്വകാല കാർഷിക വായ്പക്കുള്ള പലിശ നിരക്ക് 7 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്.

3. നെൽകൃഷിയ്ക്ക് പലിശ രഹിത വായ്പ പരിധിയില്ലാതെ നൽകി വരുന്നു. പ്രസ്തുത വായ്പാ പദ്ധതി പാടശേഖര സമിതികൾക്ക് നൽകുന്ന വായ്പകൾക്കും അനുവദിയ്ക്കുകയുണ്ടായി.

4. നബാർഡിൽ നിന്നും മതിയായ തോതിൽ പുനർ വായ്പ ലഭ്യമാകാത്ത സാഹചര്യത്തിൽ സംഘങ്ങൾ/ബാങ്കുകൾ സ്വന്തം ഫണ്ടിൽ നിന്നും 7 ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പാ വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം നൽകുന്ന 3 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല വായ്പകൾക്ക് ഒന്നര ശതമാനം പലിശയിളവ് കേന്ദ്ര സർക്കാരിൽ (നബാർഡ്) നിന്നും പലിശ സബ്‌വെൻഷനായും കൃത്യമായി വായ്പ തിരിച്ചടക്കുന്ന കർഷകന് പ്രോത്സാഹനമെന്ന നിലയിൽ രണ്ട് ശതമാനം പലിശയിളവ് അധികമായി നബാർഡിൽ നിന്നും അനുവദിയ്ക്കുമെന്നതിനാൽ അപ്രകാരമുള്ള ഹ്രസ്വകാല വിള വായ്പയുടെ പലിശ നിരക്ക് 5 ശതമാനം ആയി നിജപ്പെടുത്തിയിട്ടുണ്ട്.

5. കാർഷിക അനുബന്ധ ആവശ്യങ്ങൾക്ക് പരമാവധി 9 ½ ശതമാനം പലിശ നിരക്കിൽ വായ്പ നൽകി വരുന്നു. കൃത്യമായി വായ്പ അടയ്ക്കുന്ന വായ്പക്കാർക്ക് അവർ അടയ്ക്കുന്ന പലിശയിൽ 5 ശതമാനം ഇളവ് അവസാന തവണ അടയ്ക്കുന്ന വേളയിൽ അനുവദിച്ചു നൽകുന്ന പദ്ധതി 2009-2010 വർഷം മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

6. 2 ഏക്കർ കൃഷി ഭൂമിയുള്ള കർഷകർ എടുക്കുന്ന 25,000/- രൂപ വരെയുള്ള വായ്പ കൃത്യമായി തിരിച്ചടയ്ക്കുമ്പോൾ മുതൽ തുകയുടെ 5 ശതമാനം പ്രോത്സാഹനമായി അനുവദിക്കുന്ന പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് പദ്ധതി നിലവിലുണ്ട്.

7. സ്വർണ്ണ പണയ കാർഷിക വായ്പകൾ 7 ശതമാനം പലിശ നിരക്കിൽ വിതരണം ചെയ്തു വരുന്നു.

ബി) കാർഷിക വായ്പ അനുവദിക്കുന്നതിന് മുൻഗണന നൽകണമെന്ന് സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

ബി) നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ 40 ശതമാനം എങ്കിലും കാർഷിക വായ്പകളായി വിതരണം ചെയ്യുന്നതിന് ഓരോ ബാങ്ക് ഭരണ സമിതികളും പ്രത്യേക ലക്ഷ്യം നിശ്ചയിച്ച്, സംസ്ഥാനത്തിന്റെ കാർഷിക ഉത്പാദനവും, കാർഷിക വായ്പാ വിതരണവും കൂട്ടണമെന്നും ഇതിനായി പുതിയ പദ്ധതികൾ/പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കൂടാതെ കാർഷിക വായ്പ വിതരണം ചെയ്യാത്ത കാർഷിക വായ്പ സഹകരണ സംഘങ്ങളെ കാർഷികേതര വായ്പാ സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകുകയും, കേരള സഹകരണ നിയമത്തിൽ ആയത് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്.

സി) നെൽകൃഷിക്ക് പലിശ രഹിത വായ്പ നൽകുന്ന പദ്ധതിപ്രകാരം ഈ സാമ്പത്തിക വർഷം ഇതുവരെ എത്ര രൂപ വിതരണം ചെയ്തു;

സി) പലിശ രഹിത വായ്പ പദ്ധതി പ്രകാരം ഈ സാമ്പത്തിക വർഷത്തിൽ 30.09.2010 വരെ 52.19 കോടി രൂപ നെൽകൃഷിയ്ക്ക് വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

ഡി) കാർഷിക വായ്പ എഴുതിതള്ളുന്ന പദ്ധതി പ്രകാരം സഹകരണ സ്ഥാപനങ്ങൾ എത്ര കോടി രൂപ എഴുതിതള്ളിയെന്ന് വെളിപ്പെടുത്തുമോ?

ഡി) കാർഷിക വായ്പ എഴുതിത്തള്ളുന്ന കേന്ദ്ര കടാശ്വാസ പദ്ധതി പ്രകാരം സഹകരണ സ്ഥാപനങ്ങൾ 1284.75 കോടി രൂപ എഴുതിത്തള്ളിയിട്ടുണ്ട്. ഇതിനു പുറമേ

ആത്മഹത്യ ചെയ്ത കർഷകരുടെ 1.46 കോടി രൂപയുടെ കടങ്ങൾ സംസ്ഥാന സഹകരണ സ്ഥാപനങ്ങൾ എഴുതിത്തള്ളിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ സഹകരണ കാർഷിക കടാശ്വാസ പദ്ധതി പ്രകാരം 33.55 കോടി രൂപയും വയനാട് ജില്ലയുടെ പ്രത്യേക പദ്ധതി പ്രകാരം 30.6.2006 വരെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള 25,000/- രൂപ വരെയുള്ള 14.38 കോടി രൂപയുടേയും കാർഷിക കടങ്ങൾ എഴുതിത്തള്ളിയിട്ടുണ്ട്.

Rajendran

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 150

16.02.2011-ൽ മറുപടിക്ക്

സ്വകാര്യ ഏജൻസികൾ നടത്തുന്ന വിത്ത് ഉൽപ്പാദന കേന്ദ്രങ്ങളെ സംബന്ധിച്ച് അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) 'ജനിതകമാറ്റം' വരുത്തിയ ഏതെങ്കിലും വിത്തിനങ്ങൾ സംസ്ഥാനത്ത് എവിടെയെങ്കിലും രഹസ്യമായി കൃഷി ചെയ്യുന്നുണ്ടോ എങ്കിൽ എവിടെയാണെന്നും ഏതൊക്കെ വിളകളാണെന്നും വെളിപ്പെടുത്തുമോ; | എ) അട്ടപ്പാടിയിൽ ചിലയിടങ്ങളിൽ ബി.ടി. കോട്ടൺ കൃഷി ചെയ്യുന്നതായി ചില വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) പ്രസ്തുത വിത്തിനങ്ങൾ കൃഷി ചെയ്യുന്നത് കണ്ടെത്തുന്നതിന് നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണ് കൃഷി വകുപ്പിലുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) സംസ്ഥാനത്ത് വിത്തുൽപ്പാദനം, വിതരണം, സർട്ടിഫിക്കേഷൻ എന്നിവ നിയന്ത്രിക്കുന്നതിന് സംസ്ഥാന വിത്തു വികസന അതോറിറ്റി പ്രവർത്തിച്ചു വരുന്നുണ്ട്. ഇത്തരം വിത്ത്, കൃഷിയിറക്കാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| സി) സ്വകാര്യ ഏജൻസികൾ വ്യാപകമായ തോതിൽ വിൽപ്പന നടത്തുന്ന വിത്തിനങ്ങളുടെ ഗുണനിലവാരത്തെ സംബന്ധിച്ച് അന്വേഷിക്കുമോ; | സി) സ്വകാര്യ ഏജൻസികൾ വിതരണം നടത്തുന്ന വിത്തിനങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച് നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് അന്വേഷണം നടത്തുന്നതാണ്. നിലവിൽ ബ്ലോക്ക്തല അസിസ്റ്റന്റ് ഡയറക്ടർമാർ, അസിസ്റ്റന്റ് ഡയറക്ടർ (ക്വാളിറ്റി കൺട്രോൾ) എന്നിവർ സീഡ് ഇൻസ്പെക്ടർമാരായി പ്രവർത്തിച്ചു വരുന്നു. കൂടാതെ വിത്തിന്റെ ഗുണ |

| | |
|---|---|
| | നിലവാരം പരിശോധിക്കുന്നതിന് മൂന്ന് ലബോറട്ടറികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. |
| ഡി) വിവിധ കാർഷിക വിളകൾക്ക് വേണ്ടിയുള്ള വിത്ത് ഉൽപ്പാദനത്തെ ക്കുറിച്ചും വിപണന - വിതരണ ശൃംഖലയെ സംബന്ധിച്ചും വ്യക്തമായ വിവരം ശേഖരിക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുമോ; | കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ, വെജിറ്റബിൾ & ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ, കേരള, കേരള കാർഷിക സർവ്വകലാശാല എന്നീ സർക്കാർ സ്ഥാപനങ്ങൾ വിവിധ ഇനം വിത്തുകൾ സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്തു വരുന്നുണ്ട്. ഇതിനു പുറമെ നാഷണൽ സീഡ്സ് കോർപ്പറേഷൻ, കർണ്ണാടക സ്റ്റേറ്റ് സീഡ്സ് കോർപ്പറേഷൻ, ആന്ധ്ര പ്രദേശ് സ്റ്റേറ്റ് സീഡ്സ് കോർപ്പറേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്നീ സ്ഥാപനങ്ങളും കേരള സംസ്ഥാന വിത്തു വികസന അതോറിറ്റിയുടെ മേൽ-നോട്ടത്തിലും ഉത്തരവാദിത്വത്തിലും വിത്തു വിതരണം നടത്തി വരുന്നുണ്ട്. വിപണന വിതരണ ശൃംഖലയെ സംബന്ധിച്ച് വിവരം ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ